T61
U5

രാമായണം

ഇരുപത്തിനാലു വൃത്തം

വ്യാഖ്യാതാ

ശാസ്ത്രി മഹോപാദ്ധ്യായ

കെ. എസ്. എൻ. ഉണ്ണി.

T61
U5

Publishers,

S. BOOK DEPOT, KOTTAYAM.

1936

T61
U5

Rs 0-8-0

Rev. Dr. Alypius C.
St. Mon...s' Mona...
Panara...

രാമായണം

ഇരുപത്തിനാലുവൃത്തം

DEFINITORY T. O. C. D. LIBRARY No. 1272 CANCELLED

വ്യാഖ്യാതാ

ശാസ്ത്രി മഹോപാദ്ധ്യായ

കെ. എസ്സ്. എൻ. ഉണ്ണി.

T61
U5

DHARMARAM COLLEGE LIBRARY, BANGALORE. 4174

BOOK DEPOT CANCELLED

1936

M. S. PRESS, KOTTAYAM.

വില 8 ണ.

അവതാരിക.

മലയാളഭാഷയിലെ അത്യുൽകൃഷ്ടങ്ങളായ ഗ്രന്ഥങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് രാമായണം ഇരുപത്തിനാലുവൃത്തം. പ്രാചീനകാലത്തു് ആരാലും അനിഷേദ്ധ്യമായ ഒരു സ്ഥാനമാണിതിന്നു സിദ്ധിച്ചിരുന്നതു്. ഇരുപത്തിനാലുവൃത്തം പഠിച്ചല്ലാതെ വിദ്യാഭ്യാസം പൂർത്തിയാകാത്ത ഒരു കാലം ഉണ്ടായിരുന്നു. ഇന്നും വള്ളിപുള്ളിവിസർഗ്ഗങ്ങൾക്കു വ്യത്യാസം വരുത്താതെ ചൊല്ലിക്കേൾപ്പിക്കുന്ന വൃദ്ധന്മാർ കേരളത്തിൽ അപൂർവമല്ല. പൊതുവേ രാമായണകഥയ്ക്കുള്ള വശ്യതയും അനർഗ്ഗളപ്രവാഹംപോലെയുള്ള കവിതാഗതിയുമായിരിക്കാം ഈ ഗ്രന്ഥത്തോടു ജനസാമാന്യത്തിനിത്ര പ്രതിപത്തി സംജാതമാകുന്നതിന്നുണ്ടായ കാരണം. ഏതായാലും പ്രാചീനമഹാകവികളുടെ കവിതാഗുണം ആസ്വദിച്ചറിയണമെന്നുള്ളവർ ഏതാദൃശങ്ങളായ ഗ്രന്ഥങ്ങൾ പഠിച്ചു മുഖസ്ഥമാക്കിവച്ചിരിക്കേണ്ടതാവശ്യമാണു്. ഒന്നിനും കൊള്ളാത്ത ചില അമ്മായിക്കഥകളും നിരുപയോഗങ്ങളായ ചില പദ്യപ്രബന്ധങ്ങളുമാണിന്നത്തെ പാഠ്യവിഷയങ്ങളായിത്തീർന്നിട്ടുള്ളതു്. അന്തസ്സാരവിഹീനങ്ങളായ ഇത്തരം ഗ്രന്ഥങ്ങൾ പഠിച്ചു പാസായി പുറത്തിറങ്ങുന്നവർ എഴുത്തച്ഛനെപ്പററി എന്തറിയുന്നു? കുഞ്ചൻനമ്പ്യാരുടെ കവിതാഗുണം ഏതുമാതിരിയിലുള്ളതായിരുന്നു എന്നവരെങ്ങിനെ അറിയും? ഉണ്ണായിവാര്യരുടെ കവിതയ്ക്കുള്ള ഗുണം അവർ കണ്ടതോ കേട്ടതോ? കാലം പോയ പോക്കു നോക്കുക. ആധുനികവിദ്വാന്മാരുടെ പാണ്ഡിത്യത്തിന്റെ അപ്രതിഹതമായ ശക്തി? ഇരുപത്തിനാലുവൃത്തം മുതലായ വിശിഷ്ട ഗ്ര

ന്ഥങ്ങളെ ബഹിഷ്ക്കരിച്ചുകളഞ്ഞു. എന്തുചെയ്യാം. എഴുത്തച്ഛൻെറ ഗ്രന്ഥങ്ങൾ എങ്ങിനെ പാഠവിഷങ്ങളാകും; അദ്ദേഹം ഏതു സർവ്വകലാശാലയിലാണ പഠിച്ചതു്? ഡിഗ്രിവല്ലതും സമ്പാദിച്ചിട്ടുണ്ടോ? ഉണ്ണായിവാര്യക്കു വൈദേശികങ്ങളായ വല്ല ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നോ? കുഞ്ചൻനമ്പ്യാർ കേവലം മൃതമായിപ്പോയ ഗീർവ്വാണത്തെ മാത്രമേ സമാരാധിച്ചിരുന്നുള്ളു വല്ലോ. എന്നിങ്ങനെ അഭിപ്രായങ്ങൾ തട്ടിമൂളിക്കുന്നവരെ സാഷ്ടാംഗപ്രണാമംചെയ്കയല്ലാതെ എന്താണ നിവൃത്തി. പഞ്ചതന്ത്രം, ഇരുപത്തിനാലുവൃത്തം, പതിന്നാലുവൃത്തം, ചാണക്യസൂത്രം മുതലായവ വിദ്യാർത്ഥികൾ അവശ്യം പഠിച്ചിരിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. ഭാവിജീവിതത്തിലെ വൈഷമ്യങ്ങളെ ഇല്ലാതാക്കി കഷ്ടതയിൽകിടന്നുഴലുന്ന മനുഷ്യനു സുഖവും സമാധാനവും ഉണ്ടാകേണ്ടതു് അത്യാവശ്യമാണു്. ഇതു് വിദ്യാഭ്യാസംകൊണ്ടു സിദ്ധിച്ചില്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണു് സിദ്ധിക്കുക? വിദ്യാഭ്യാസത്തോളം ഉൽകൃഷ്ടമായ പ്രവൃത്തി മനുഷ്യലോകത്തിനു വേറെ ഒന്നുംതന്നെ ഇല്ലെന്നാണു് ഒരു വയ്പുള്ളതു്. അക്കാര്യത്തിൽ വിവാദത്തിനു വഴിയില്ല. പക്ഷേ ഇന്നത്തെ വിദ്യാഭ്യാസം അതിനു പര്യാപ്തമാകുമോ എന്നുള്ള കാര്യം സംശയമാണു്. ഇന്നത്തെ വിദ്യാഭ്യാസം സ്വഭാവരൂപീകരണത്തിനു പററാത്തവിധത്തിൽ ദുഷിച്ചാണിരിക്കുന്നതു്. ഈ നില പാഠ്യഗ്രന്ഥങ്ങളെ ബാധിക്കുന്നു ഒന്നല്ലെങ്കിലും ഏകദേശമായ ഒരു സഹായം അവയും ചെയ്യുന്നുണ്ടെന്നു പറയാതെയിരിക്കാൻ നിർവ്വാഹമില്ല. സദാ അന്യന്മാരോടു പോരാടിയും കൈയ്യൂക്കുകൊണ്ടു കാലംകഴിച്ചും വന്നിരുന്നവരുടെ ചരിത്രം പഠിക്കുന്നതു് അത്തരത്തിലുള്ള ഒരു ജീവിതം കൈകൊള്ളുന്നതിനു ന

നായിരിക്കാം. ശാന്തവും പ്രസന്നവുമായ ജീവിതം ഇതിൽനിന്നുണ്ടാകുന്നില്ല. ഗൃഹ്യസംഭവങ്ങളെ തന്മയത്വത്തോടുകൂടി വർണ്ണിച്ച് ഈശ്വരമാഹാത്മ്യത്തെ വെളിപ്പെടുത്തി ലോകരെ സന്മാർഗ്ഗചാരികളാക്കിത്തീർക്കുന്ന ഗ്രന്ഥങ്ങൾ എപ്പോൾ പാഠവിഷയങ്ങളായിത്തീരുന്നുവോ അന്നുമാത്രമേ ശോഭനമായ ഒരു നില പൊതുവേ നാട്ടിനുണ്ടാകയുള്ളൂ. പ്രസക്താനുപ്രസക്തമായ ഈ വിഷയം ഇങ്ങിനെ നിൽക്കട്ടെ.

രാമായണം ഇരുപത്തിനാലുവൃത്തം തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻെറ കൃതിയാണെന്നു വിശ്വസിക്കപ്പെട്ടു പോരുന്നുണ്ടെങ്കിലും അങ്ങിനെ അല്ലെന്നുള്ളതിനു ധാരാളം തെളിവുകളുണ്ട്. പല പണ്ഡിതന്മാരും ഈ അഭിപ്രായത്തോടു യോജിക്കുന്നു എന്നുതന്നെ പറയാം. അതെങ്ങിനെയെങ്കിലും ഇരിക്കട്ടെ. പ്രസ്തുത കൃതി രാമായണചമ്പുവിനെ അടിസ്ഥാനപ്പെടുത്തി എഴുതിയിട്ടുള്ളതാണ്. കഥാവിഭജനം പോലും രണ്ടുകൃതികളിലും ഒന്നുപോലെയാകുന്നു. ആശയാവിഷ്കരണത്തിനു പുറമേ പദപദാവിഷ്കരണവും ഇതിൽ ധാരാളമായിട്ടുണ്ട്.

തൊഴിലില്ലാതെ ഉഴന്നുനടക്കുന്നവർക്ക യോഗ്യതാനുസരണം രാവണൻ ഓരോ ഉദ്യോഗങ്ങൾ കൊടുത്തതിനെപ്പററി രാമായണചമ്പൂകാരൻ ഇങ്ങനെ വർണ്ണിക്കുന്നു:—

സൂത്രാമാ തത്രപാത്രം വിതരതി ദഹനൻ
പാചകൻ, ദണ്ഡധാരീ
കുത്തിക്കൊൽവാൻ, മുറിപ്പാൻ നിരൃതി കഴുകുവാൻ
പാശധാരീ ജഡാത്മാ
ഉദ്യാനേ പൂവറുപ്പാൻ പവനനറുതുറ-
നീട്ടുവാൻ വിത്തപാലൻ

ചൊല്ലേറുള്ളും ഗോപുരം കാപ്പതിനഴകെഴുമീ-
ശാനനാശാന്തചേതാഃ

തണ്ടിങ്കൽ പാട്ടുപാടും മുനിവരനധുനാ
നാരദന്നംഗനാനാം
കണ്ടിക്കാർക്രന്തൽ ചിക്കുന്നതു ബത പരിപൂ-
ർണ്ണേന്ദുമന്ദാക്ഷധാരീ
കൊണ്ടാടേണം വസന്താദികളിരുപുറവും
നിന്നു കൈക്രപ്പി മേളം
തണ്ടും പൊൽത്താമരപ്പൂ പുലരിയിൽ വിരിയി-
ക്കേണമാരോഗ്യ ദാതാ

ആസന്ധ്യം കണ്ട കല്ലും മരവുമുടനിഴ-
ക്കേണമൈരാവതം ചെ-
ന്നാത്തുംഗം വാജിരത്നം പുതിയ പൊതി ചുമ-
ന്നീടുവാനുദ്ധഖേദം
നാളുംതോറും നാകനാരീ ജനമടിതളി ചെ-
യ്തീടുവാൻ ചാടിഴപ്പാ-
നയ്യാ യാമ്യം പെരുംപോത്തലമിഹ വചനാ-
ഡംബരം തമ്പിരാനേ.

ഇപ്രകാരം ചമ്പുവിൽ കാണുന്ന വർണ്ണനയ്ക്ക് എതിരായി ഇരുപത്തിനാലുവൃത്തത്തിൽ കൊടുത്തിരിക്കുന്ന വർണ്ണന എത്രമാത്രം ശരിയായിരിക്കുന്നു എന്നു നോക്കുക.

വയ്ക്കണമവനാശനമഗ്നി കരിയാതെ
കത്തണമധോളവി തെളിഞ്ഞു ഹരിരാമ.

കൊല്ലുവതിനൊക്കെ യമനാങ്ങവമുറിപ്പാൻ
വല്ലഭമെഴും നിരൃതി പാശി കഴകാനും
മുല്ലമലരാദികളിറുപ്പതിനു മെല്ലെ
നല്ല പവമാനനെ വണങ്ങി ഹരിരാമ.

എട്ടുദിശി ദീപമവനഷ്ടമണിനാഗം
കഷ്ടമിതുകേട്ടു പണിപെട്ടു ഫണിരാജൻ
പൂട്ടറ തുറപ്പതിനു വൈശ്രവണമാക്കി
ചട്ടമിതി ദുഷ്ടനിശിചാരി ഹരിരാമ.

സ്തംഭശതശുംഭിതമഹാമണിപുരാഗ്രേ
കുംഭമുഖരാക്ഷസദുരുക്തി വശവർത്തീ
സ്തംഭമയനായ്‌വസതി സമ്പ്രതി ദുരാത്മാ
ജംഭരിപു താനഗതി ഹന്ത ഹരിരാമ.

വാസ്തവമിതീശ യമനേററിനടകൊള്ളും
പോത്തിനു പിടിച്ചു പണിചാട്ടുകളിഴപ്പാൻ
ധൂർത്തമതി വന്മരമിഴപ്പതിനു ചേർത്തു
പേർത്തുമൈരാവതഗജത്തെ ഹരിരാമ.

കാമവശനായവനുറക്കറയിൽ വീണാൽ
മാമകവിലാസിനികൾ കാലുഴികവേണം
മേനക നനപ്പതിനടിപ്പതിനു രംഭാ
ഉർവ്വശി തിലോത്തമ തളിക്ക ഹരിരാമ.

ശ്രീരാമൻെറ അവതാരത്തെപ്പററി ചമ്പുവിൽ ഈ പ്രകാരം കാണുന്നു:—

കൌസല്യാദേവിയെന്നും പ്രഥമഗിരി മഹാ-
ധിത്യകായാം വിലാസം
പെയ്യീടും ഗാത്രലക്ഷ്മ്യാ നിഖിലമപി സമു-
ന്മീലയൻ ദിഗ്വിഭാഗം
മീതേ മീതേ ജനാനാം മിഴികളിലമൃതം
കോരിയൂത്തുത്തുദാര-
സ്വാതന്ത്ര്യം ബാലനായ്‌പോന്നരമൊരു-
പരമാനന്ദചന്ദ്രൻ പിറന്നു.

ഇതിനെ ഇരുപത്തിനാലുവൃത്തത്തിൽ സരസമായി സംഗ്രഹിച്ചിരിക്കുന്നതിൻെറ ഭംഗി നോക്കുക:—

യാതുക്രൂരിതൂം നീക്കിക്കളെവാനും
ലോകകൈരവബോധം വളത്താനും
കൌസല്യാദേവി പൂർവ്വാചലേ രാമ-
ചന്ദ്രൻ ജാതനായമ്പോടു ഗോവിന്ദ.

വളരെക്കാലമായി സന്താനമില്ലാതെ സങ്കടപ്പെട്ടിരുന്നദശരഥൻ പുത്രലാഭത്തിൽ മതിമറന്നു തൻെറ സർവ്വസ്വവും അർത്ഥികൾക്കു ദാനം ചെയ്തു. ആ സംഭവം ചമ്പൂവിൽ ഇങ്ങനെയാണു വർണ്ണിച്ചിരിക്കുന്നതു്.

അന്നേരം കൌതുകംപൂണ്ടധികമുടനുടൻ
ചെന്നുചെന്നുണ്ണിയുണ്ടാ-
യെന്നോതുന്നോക്കു പൊന്നും പുടവപണവുമേ-
കീടിനാനെന്നുവേണ്ടാ
ധന്യാത്മാ ചെററുകാരശ്രവണദശയിലേ
നൽകിനാൻ പ്രീതിശാലീ
മന്നോർമാണിക്കമെയ്യാ കുടകം തഴകളി-
ത്യാദി വേറായതെല്ലാം.

ഇരുപത്തിനാലുവൃത്തം ഇതിനെ താഴെക്കാണുന്ന വിധത്തിലാണു് വർണ്ണിച്ചിരിക്കുന്നതു്.

ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതി കൊടുക്കയാൽ
ആലവട്ടം കുട തഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദ.

"അദേയമാസീത്ത്രയമേവ ഭൂപതേഃ
ശശിപ്രഭം ഛത്രമുഭേ ച ചാമരേ"—എന്ന രഘുവംശശ്ലോകാർദ്ധത്തിൽനിന്നായിരിക്കാം ഈ ആശയം ചമ്പുവിൽ കടന്നുകൂടിയതു്.

കനകകലശശോഭാം കാൽപിടിച്ചമ്മവയ്ക്കും
കള്ളർമൂലയിണചാഞ്ഞു പുണ്ഡരീകേക്ഷണായാഃ
കനിവൊട്ടുലകമൂന്നും പെററവിശപാംഭരൻതൻ
ജനനകലഹകാര്യം കാണ്മതിന്നെന്നപോലെ—എ

ന്ന ചമ്പൂശ്ലോകം പഭങ്ങൾക്കുപോലും വലിയ വ്യത്യാസം വരുത്താത്തവിധത്തിൽ

പൊന്മണിക്കുംഭംപോലെ വിളങ്ങുന്ന
നന്മുലയിണ ചാഞ്ഞു കൗസല്യേടെ
ഇമ്മൂന്നുലോകം പെററ ഹരിജന്മം
കാണ്മാനെന്നപോലെ ഹരി ഗോവിന്ദ—എന്നി

ങ്ങനെ പകത്തിയിരിക്കുന്നു.

അന്യഗ്രന്ഥങ്ങളെ ഉപജീവിച്ചുള്ള പദ്യങ്ങളും ഇരുപത്തിനാലുവൃത്തത്തിൽ ധാരാളമുണ്ട്.

ഒരുദാഹരണം കാണിക്കാം.

സദ്യ: പുരീപരിസരേഷു ശിരീഷമൃദ്വീ
സീതാ ജവാൽ ത്രിചതുരാണി പദാനിഗത്വാ
ഗന്തവ്യമദ്യകിയദിത്യസകൃൽബ്രുവാണാ
രാമാശ്രുണാം കൃതവതീ പ്രഥമാവതാരം

എന്നുള്ള ഹനുമന്നാടകശ്ലോകത്തെ

ഇന്നെത്ര ദൂരം നടക്കേണമാര്യാ
എന്നങ്ങു ഭൂയോപി ഭൂയോപി ചൊല്ലും
വാമാക്ഷി സീതാ ജനിപ്പിച്ചുകണ്ണീർ
പ്രാഥമ്യമായന്നു ശ്രീരാമരാമ.—എന്നിങ്ങനെ ത

ർജ്ജമ ചെയ്തു ചേർത്തിരിക്കുന്നു.

ഇങ്ങനെ എത്രവേണമെങ്കിലും ഉദാഹരണങ്ങൾ എടുത്തുകാണിക്കുവാൻ സാധിക്കും. രണ്ടു ഗ്രന്ഥങ്ങളും കൂട്ടിവച്ചു വായിച്ചുനോക്കിയാൽ ഈ പരമാൎത്ഥം എല്ലവക്കും വെളിപ്പെടുന്നതാണു്.

അലങ്കാരപ്രയോഗങ്ങൾ വ്യംഗ്യചമല്ക്കാരങ്ങൾ ഇത്യാദിവിഷയങ്ങളിലും പ്രസ്തുതഗ്രന്ഥം അദ്വിതീയമായ ഒരു സ്ഥാനത്തെത്തന്നെ അലങ്കരിക്കുന്നു. അലങ്കാരപ്രയോഗങ്ങൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

ഇന്ദ്രസമ്പത്തിനേക്കൂടിത്താഴ്ത്തീടും
ഭദ്രസമ്പത്തങ്ങുണ്ടതിലെത്രയും
ചന്ദ്രമണ്ഡലത്തോടുരുമ്മീടുന്ന
രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദ!

ഈ പദ്യത്തിലെ അതിശയോക്തിയും,

പൊന്മണിക്കുംഭംപോലെ വിളങ്ങുന്ന
നന്മുലയിണ ചാഞ്ഞു കൗസല്യേടെ
ഇമ്മൃന്നുലോകം പൊറാ ഹരിജന്മം
കാണ്മാനെന്നപോലെ ഹരി! ഗോവിന്ദാ!

എന്ന പദ്യത്തിലെ ഉൽപ്രേക്ഷയും,

യാതുക്രൂരിരുൾ നീക്കികളെവാനും
ലോകകൈരവബോധംവരുത്താനും
കൗസല്യാദേവിപൂർവ്വാചലേരാമ-
ചന്ദ്രൻജാതനായമ്പോടു ഗോവിന്ദാ!

ഇതിലെ രൂപകവും,

ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതികൊടുക്കയാൽ
ആലവട്ടം കുടതഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദാ!

എന്നുള്ളതിലെ സംബന്ധാതിശയോക്തിയും അവയിൽ ഏത്രയും പ്രധാനങ്ങളാണ്.

പ്രാചീനരീതിയനുസരിച്ചു വിശേഷണവിശേഷ്യങ്ങൾക്കുള്ള പൊരുത്തം ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്.

അതു് സംസ്കൃതാനുകരണംമൂലം ഉണ്ടായിട്ടുള്ളതാണെന്നുതന്നെ പറയാം.

> ചിന്തമററൊന്നിലില്ല ജഗത്രയ-
> സന്താനത്തിനു മാനസേ ഗോവിന്ദ!

ഇവിടെ ജഗത്രയസന്താനത്തിന് ഭൂപന് എന്ന രീതിയിലാണ് പൊരുത്തംകല്പിച്ചിരിക്കുന്നതു്.

"നാരീശിരോമാല കൈകേയചിത്തം" എന്നിങ്ങനെയുള്ള വിലക്ഷണസമാസങ്ങൾക്ക് പ്രാചീനകൃതികളായ അദ്ധ്യാത്മരാമായണാദികളിൽ ഉദാഹരണങ്ങൾ സുലഭങ്ങളാണ്.

> മിത്രത്രയത്തെ സുഖിപ്പിച്ചിരുന്നു
> ഭദ്രാനഹോ.........................

ഇവിടെ "മിത്രത്രയത്തെ" എന്നിടത്തു് വിശേഷ്യപദത്തിന്റെ അൎത്ഥത്തിനു ബഹുത്വമുള്ളതുകൊണ്ടായിരിക്കാം മിത്രാൻ എന്നു ബഹുവചനം വിശേഷണമാക്കിയിരിക്കുന്നതു്.

"ഇതി പ്രഗൽഭം പറഞ്ഞെടുത്ത മുനിവരൻ" എന്നിങ്ങനെ ഭേദകത്തെ നാമമാക്കിയുള്ള പ്രയോഗങ്ങൾ പ്രാചീനകൃതികളിൽ ധാരാളമുണ്ട്.

മുക്കാലും തർജ്ജമയായിട്ടുള്ള ഈ കൃതിയ്ക്കെന്തൊരു മെച്ചമുള്ളതു്? മൂലകൃതികൾതന്നെ വായിക്കരുതോ? ഇപ്പറഞ്ഞതെല്ലാം അതിൽനിന്നു കിട്ടുമല്ലോ. എന്നാണെങ്കിൽ അങ്ങിനെയുള്ളവൎക്കും ഇതിൽ ആസ്വാദനത്തിനു വകയുണ്ടെന്നു താഴെ എഴുതുന്ന പദ്യം തെളിയിക്കുന്നു.

സീതയായൊരു കല്പവല്ലിപടൎന്നരാമസുരദ്രുമ-
ച്ഛായതന്നിൽവസിച്ചുമാമുനിപക്ഷിമണ്ഡലമാകവേ
രാവണാൎക്കമഹാതപത്തിനൊരാതപത്രമുദാരവാങ്-
മാധുരീഫലമാസ്വദിച്ചു നടന്നുരാമ! ഹരേ! ഹരേ!

ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യത്തെപ്പററി പലതും പറയാനുണ്ടു്. വിസ്തരഭയത്താൽ ചുരുക്കുന്നു.

വൃത്തം.

1. ഒന്നാംവൃത്തം ഇന്ദുവദനയാണു്.

ഇന്ദുവദനയ്ക്കു ഭജസംനഗുരു രണ്ടും എന്നു ലക്ഷണം.

2. രണ്ടാംവൃത്തം സർപ്പിണിയാകുന്നു.

ദ്വ്യക്ഷരംഗണമൊന്നാദ്യം ത്ര്യക്ഷരം മൂന്നതിൽപരം
ഗണങ്ങൾക്കാദിഗുരുവാം വേറൊന്നും ത്ര്യക്ഷരങ്ങളിൽ
മറെറത്തും സർവ്വഗുരുവായ്‌വരാം കേളിതുസർപ്പിണി
എന്നു ലക്ഷണം.

3. മൂന്നാംവൃത്തം കളേന്ദുവദനയാണു്.

ഇന്ദുവദനാവൃത്തമാത്രയ്ക്കൊത്തുലഘുക്കളെ
ഇടവിട്ടുഗുരുസ്ഥാനെചെയ്തിട്ടു ലഘുവൊന്നഥ
ഒടുവിൽചേൎത്താംവൃത്തം കളേന്ദുവദനാഭിധം

ഇന്ദുവദനയുടെ ലക്ഷണം മുൻപു പറഞ്ഞിട്ടുണ്ടല്ലോ.

4. നാലാംവൃത്തം സമാസമമാണു്.

വിഷയത്തിൽ സമസമം സമത്തിൽസമസമംഗുരു
എന്നുള്ളതു സമംവൃത്തം സമാസമസമാഹ്വയം
എന്നു ലക്ഷണം.

5. അഞ്ചാംവൃത്തം കല്യാണിയാണ്.

കല്യാണിതഗണം മൂന്നു ഗുരു രണ്ടൊടുചേരുകിൽ എന്നു ലക്ഷണം.

6. ആറാംവൃത്തം മല്ലികയാണ്.

രംസജം ജഭരേഫമിഗ്ഗണയോഗമത്രഹിമല്ലികാ എന്നു ലക്ഷണം.

പ്രസ്തുത ഗ്രന്ഥത്തിൽ ഇരുപത്തിനാലുവൃത്തത്തിൻെറ ആറുവൃത്തങ്ങളാണടങ്ങിയിരിക്കുന്നതു്. വൃത്തങ്ങളെക്കുറിച്ചു് പൊതുവെ പലതും പറയാനുണ്ടു്. അതെല്ലാം അടുത്ത ഒരവസരത്തിലേക്കു മാററിവയ്ക്കാം.

രാമായണം

ഇരുപത്തിനാലുവൃത്തം

വെണ്മതികലാഭരണ നംബിക ഗണേശൻ,
നിർമ്മലഗുണാകമല വിഷ്ണുഭഗവാനും,
നാൻമുഖനുമാദികവിമാതൃഗുരുഭൂതർ,
നന്മകൾ വരുത്തുക നമുക്കു ഹരിരാമ. 1

ഉത്തമപുരാണപുരുഷന്റെ ചരിതാനാ,
മുത്തമമിതാദിരഘുനായക ചരിത്രം
ഭക്തിയൊടു ചൊല്ലുവതിന്നിന്നു തുനിയുന്നോൻ,
മുക്തിപദമേകുവതിനാശു ഹരിരാമ. 2

രാക്ഷസകുലാധിപതിരാവണഭുജോഷ്മാ—
തീക്കനലിൽ വീണുഴലുമത്രിദശപാളി
പാൽക്കടലിൽ മേവിന പുരാണപുരുഷന്റെ
കാൽക്കലടിപെട്ടു ഭുവി വീണു ഹരിരാമ. 3

മാധവ! ജയിക്ക മധുസൂദന' ജയിച്ചീ—
ടാധിശമനായ ഭവ നീലഘനധാമൻ.
സാധുജനപാലന! നിബോധ ഗിരമസ്മാൻ
പാഹി ജഗദീശ്വര! നമോസ്തു ഹരിരാമ. 4

ഇത്ഥമമരസ്തുതികൾ കേട്ടു പുരുഷാണാ-
മുത്തമനനന്തഫണിമെത്തമേലിരുന്നു
“ഹന്ത! ഭവദാഗമനകാരണമമർത്ത്യാഃ
സാമ്പ്രതമിദം കിമിതി ചൊൽക ഹരിരാമ.” 5

സാക്ഷിഭവതാഽവിദിതമിങ്ങു കിമിദാനീം
സൂക്ഷ്മതനുവായഖിലജന്തുഷു നിവാസം
ഈക്ഷണകലാചലനമാത്രയതിൽ വിശ്വം
തീർക്ക തവ വൈഭവമിതെന്തുഹരിരാമ. 6

ആപദി ഭജന്തി ന ഭജന്തി സുലഭേഽർത്ഥേ
ത്വാമകരുണാ വരദ കാമവിവശാ യേ
കേവലസുഖായ നഹി തന്നവിദിതം കിം
തദ്വദിഹ തേ വയമപീശ ഹരിരാമ. 7

ശങ്കരനവന്നു വരമേകിയതുമൂലം
ശങ്കഭഗവാനെയുമതില്ലവൻ നൂനം
തൻകരതലൈര ചല ചഞ്ചലന ഹേതോ
സ്സങ്കടമവന്നധികമേകി ഹരിരാമ. 8

കേൾക്ക മമവാക്യമരിസൂദന തവാജ്ഞാ;
വാർത്ത പറയുന്നു; ദശകന്ധരദുരാത്മാ
രാക്ഷസനടക്കി ഭുവനത്ത്രയമശേഷം
രൂക്ഷത ഭയങ്കരമവന്നു ഹരിരാമ. 9

വിക്രമനിധേ! ശൃണു പരാക്രമമവന്റെ
ധിക്കൃതമഹേന്ദ്രനവനെത്തിയദശായാം
വക്ഷസി പിടിച്ചു വരവച്ചു മുഹുരച്ചോ!
ദിക്കരികൾ കൊമ്പുകളൊടിച്ചു ഹരിരാമ. 10

മല്ലദമടക്കിയവനച്യുത! ഭവാനാൽ
ദത്തമപില്പാത്രപരി കല്പിതമവനായ്
വക്ഷണമവനാശനമഗ്നി കരിയാതെ
കത്തണമധോളവി തെളിഞ്ഞു ഹരിരാമ. 11

കൊല്ലുവതിനൊക്കെ യമനങ്ങവമുറിപ്പാൻ
വല്ലഭമെഴും നിരൃതിപാശി കഴകാനും
മുല്ലമലരാദികളിരുപ്പതിനുമെല്ലെ
നല്ലപവമാനനവനങ്ങു ഹരിരാമ. 12

എട്ടുദിശി ദീപമവനഷ്ടമണിനാഗം
കഷ്ടമിതു കൊണ്ടുപണിപെട്ടു ഫണിരാജൻ
പൂട്ടറതുറപ്പതിനു വൈശ്രവണമാക്കി
ചട്ടമിതിദുഷ്ടനിശിചാരി ഹരിരാമ. 13

സ്തംഭശതശുംഭിതമഹാമണിപുരാഗ്രേ
കുംഭമുഖരാക്ഷസദുരുക്തിവശവർത്തി
സ്തംഭമയനായ്സ്സതിസമ്പ്രതി മഹാത്മാ
ജംഭരിപുതാനഗതി ഹന്ത ഹരിരാമ. 14

വാസ്തവമിതീശ! യമനേറി നടകൊള്ളും
പോത്തിനു പിടിച്ചുപണി ചാടുകളിഴപ്പാൻ;
ധൂർത്തമതി വന്മരമിഴപ്പതിനുചേർത്തു
പേർത്തുമയിരാവതഗജത്തെ ഹരിരാമ. 15

കാമവശനായവനുറക്കറയിൽവീണാൽ
മാമകവിലാസിനികൾ കാലുഴികവേണം
മേനക നനയ്പതിനടിപ്പതിനു രംഭാ
ഉർവ്വശി തിലോത്തമ തളിക്ക ഹരിരാമ. 16

സൂരികളെ രാപ്പകൽ നടന്നു കരയിക്കും
ശൗര്യനിധി രാവണനുട്ടേ ഭുജബലത്താൽ
സൂര്യനുമുദിച്ചു ദിശി നേരെ നടകൊൾവാൻ
പാരമിയലുന്നു പണി നാഥ ഹരിരാമ. 17

മേദിനിയിൽ മേവുന്ന മഹീസുരവരാണാം
വേദനകളെന്തു പുനരിന്നു പറവൂ നാം?
വേദികളിൽ നീളെനിണമൂത്തവർ മുടക്കി
യാഗഹവനാദികളുമൊക്കെ ഹരിരാമ. 18

നഷ്ടയജനാലതി വിശന്നരിയകണ്ണും-
നട്ടു; ഭയമോടംബത! നഷ്ടിപിടിപെട്ടു.
ദുഷ്ടരജനീചരദവാഗ്നിഷു ഘനധാരാ
ദൃഷ്ടിമുന നൽകുക നമുക്കു ഹരിരാമ. 19

ദേവകളിതേവമുരചെയ്തളവു ദേവൻ
ദേവകളൊടേവമരുൾചെയ്തു ജഗദീശൻ
ദേവതകളേ! മതിവിഷാദമിഹ യൂയം
വാനരകളേ ഭുവി പിറക്ക ഹരിരാമ. 20

"ആശരകുലാധമവധായ ശൃണു വേധാ!
ദാശരഥിയായുലകിൽ ഞാനിഹ പിറപ്പൻ
നാശമകലും പുനരിതേവമുരചെയ്തു
ആശുഭഗവാഥ നമറഞ്ഞു; ഹരിരാമ. 21

യോ ജഗദിദം സൃജതി കാലഗുണശക്ത്യാ
യോ ജഗദിദം സപദി പാതി പരമാത്മാ
യോ ജഗദിദം ഹരതി സോയമഖിലേശോ
മേ മനസി സംഭവതു നാഥ ഹരിരാമ. 22

അല്ലലകററീട്ടവതിന്നാശ്രിത ജനാനാം
വില്ലുമമ്പുമായടവി തന്നിലെഴുന്നള്ളി
ചൊല്ലെഴുന്ന രാവണനെക്കൊന്നു രഘുനാഥൻ
നല്ലതു വരുത്തുക നമുക്കു ഹരിരാമ. 23

രാമഹരി രാമഹരി രാമഹരി രാമ
രാമ രജനീചരകുലാന്തക തൊഴുന്നേൻ
പ്രാണനകലും പൊഴുതു നിന്മഹിതരൂപം
കാണണമെനിക്കു തെളിഞ്ഞാശു ഹരിരാമ. 24

രണ്ടാം വൃത്തം.

സൂൎയ്യവംശേ പിറന്ന ഭൂപാലാനാം
കോസലവിഷയങ്ങളിലുണ്ടായി
നാമധേയമയോദ്ധ്യയെന്നിങ്ങനെ
രാജധാനി പുരാ ഹരി ഗോവിന്ദ 1

നാലുപാടും വളഞ്ഞൊഴുകീടുന്ന
നീലതോയസരയൂനദികൊണ്ടു
സാരമായ കിടങ്ങുണ്ടു തീൎത്തിട്ടു
ചാരത്താമ്മാറു മേളത്തിൽ ഗോവിന്ദ. 2

ഇന്ദ്രസമ്പത്തിനെക്കൂടിത്താഴ്ത്തിടും
ഭദ്രസമ്പത്തുങ്ങളുണ്ടതിലെത്രയും
ചന്ദ്രമണ്ഡലത്തോടുരുമ്മീടുന്ന
രത്നമാടങ്ങളുണ്ടതിൽ ഗോവിന്ദ. 3

ദിവ്യരത്നങ്ങളെക്കൊണ്ടു ദീപങ്ങൾ
സവ്യസാചികൾ വില്ലാളി വീരന്മാർ
ഹവ്യഗവ്യങ്ങളെക്കൊണ്ടു നിത്യവും
ദിവ്യദേവതാപൂജനം ഗോവിന്ദ. 4

പത്തരമാററിൻ പൊന്നുകൾ രത്നത്താൽ
വിസ്താരത്തിൽ ചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയും ഗോവിന്ദ. 5

മന്ദിരംതോറുമിന്ദിന്ദിരങ്ങളും
മന്ദംമന്ദം മുരണ്ടു നടകൊണ്ടു
സുന്ദരാംഗിമാരാനനത്തെക്കണ്ടി-
ട്ടംബുജാതങ്ങളെന്നോർത്തു ഗോവിന്ദ. 6

മന്നീരേഴും കടക്കണ്ണു കൊണ്ടുടൻ
രത്നമാക്കിച്ചമച്ചരികത്താക്കും
കന്നൽക്കണ്ണിമാരുണ്ടായി പണ്ടതിൽ
മിന്നൽപോലെ വിളങ്ങീട്ടു ഗോവിന്ദ. 7

മേദിനീതിലകംപോലെ മേവുന്ന
രാജധാനിയിലുണ്ടായി പണ്ടൊരു
മേദിനീപതിമൗലി ദശരഥ
നാമധേയവാനേകദാ ഗോവിന്ദ. 8

ഏഴു സാഗരമേഖലയാകുന്നോ-
രൂഴിതന്നിൽ നിറയുന്ന ലോകരെ
ഏഴുകോഴകൾകൂടാതെ രക്ഷിച്ചു
നാഴികതോറും രാജാവു ഗോവിന്ദ. 9

DEFINITORY T.O.C.D. No 1272 LIBRARY.

വീൎയ്യശൌൎയ്യപരാക്രമത്തെക്കൊണ്ടു
സൂൎയ്യപുത്രനെ നിന്ദിപ്പിച്ചെത്രയും
സർവ്വസമ്പത്തെ നാട്ടിൽ വളൎത്താന-
ങ്ങുർവ്വീമണ്ഡലനായകൻ ഗോവിന്ദ. 10

കള്ളരെന്നുള്ള ശബ്ദമരിപ്പമാ—
യ്യുള്ളരേ പുനരുള്ളു ധരിത്രിയിൽ
ഉള്ളിലാധി മഹാവ്യാധി ലോകാനാം
തള്ളിനീങ്ങിപ്പോയക്കാലം ഗോവിന്ദ. 11

കൌസല്യാകൈകേയി സുമിത്രാംഗനാ
സൌശീല്യാദി ഗുണങ്ങളിലിന്നവർ
ശൈഥില്യം വളൎക്കും മാനസേ ധൎമ്മ—
വൈകല്യം വരാതെകണ്ടു ഗോവിന്ദ. 12

അശ്വങ്ങൾ പെരുമാററിയവനിയിൽ
അശ്വമേധങ്ങൾ ചെയ്തവനശ്രാന്തം
വിശ്വദേവതാമോദം വളൎത്തിനാൻ
വിശ്രുതകീൎത്തി രാജാവു ഗോവിന്ദ. 13

സന്തതി പുനരില്ലാഞ്ഞു സന്തതം
സന്താപപ്പെട്ടിരിക്കുന്ന ഭൂപന്നു
ചിന്ത മറെറാന്നിലില്ല ജഗത്ത്രയ
സന്താനത്തിന്നു മാനസേ ഗോവിന്ദ 14

ഖിന്നം പാരം വിശക്കുന്നാവനുണ്ടോ
അന്നമെന്നിയേ മറെറാന്നിൽ കൌതുകം?
എന്നപോലെ ചമഞ്ഞു സുതാൎത്ഥിക്ക-
ങ്ങന്യസമ്പൽ സുഖങ്ങളിൽ ഗോവിന്ദ 15

പുത്രപ്രാപ്തിക്കുപായമുണ്ടെന്നുടൻ
ഭദ്രമന്ത്രിസുമന്ത്രവചനത്താൽ
പുത്രകാമേഷ്ടി കർമ്മം തുടങ്ങിനാ—
നൃശ്യശൃംഗമഹാമുനി ഗോവിന്ദ. 16

ഹവ്യവാഹനകുണ്ഡത്തിൽ നിന്നുണ്ടായ്
ദിവ്യനായൊരു പൂരുഷനന്നേരം
കയ്യിൽ മേവിന പായസം ഭൂപന്റെ
കയ്യിൽവെച്ചു മറഞ്ഞുടൻ ഗോവിന്ദ. 17

അർദ്ധിച്ചങ്ങു കൊടുത്തതിനാലവ-
രർദ്ധമർദ്ധം കൊടുത്തു സുമിത്രയ്ക്കു
ബഹുമോദം ഭുജിച്ചവർ മൂവർക്കും
ഗർഭമുണ്ടായി വർദ്ധിച്ചു ഗോവിന്ദ 18

മുപ്പാരെപ്പേരുമുള്ളിലടക്കുന്ന
പത്മനാഭനെത്തന്നുള്ളിലാക്കീടും
പത്മലോചനാഭാഗ്യം പുകഴ്ത്താമോ
പത്മസംഭവനും ഹരിഗോവിന്ദ. 19

പൊന്നണിക്കുംഭംപോലെ വിളങ്ങുന്ന
നൻമുലയിണ ചാഞ്ഞു കൗസല്യേടെ
ഇമ്മൂന്നു ലോകംപെററ ഹരിജന്മം
കാണ്മാനെന്നപോലെ ഹരിഗോവിന്ദ. 20

ലോകരാവണരാവണഭീതികൊ-
ണ്ടാകുലരായി ദേവകളെങ്കിലും
ആകെത്തിങ്ങി മദിച്ചു ദിവാനിശം
ജായമാനേ ഹരൗ ഹരിഗോവിന്ദ 21

വക്രവൃത്തികൾ പാട്ടം പരസ്പരം
വിക്രമിക്കുന്നവാറു നവഗ്രഹം
ഭദ്രരാശികളിൽ സ്ഥിതി ചെയ്യപോൽ
ചക്രപാണിീടെ ജന്മനി ഗോവിന്ദ 22

നാകഭേരികൾ താനേ മുഴങ്ങിയും
ലോകമാനസജാലം തെളികയും
നാകനാരികളാടിയും പാടിയും
തോയരാശി തെളികയും ഗോവിന്ദ. 23

നക്ഷത്രങ്ങൾ തെളിഞ്ഞു ഗഗനത്തിൽ
ദിക്കുകൾ പത്തുമൊക്കെപ്രകാശിച്ചു
അക്സോമന്നും സുപ്രഭകൈക്കൊണ്ടു
ലക്ഷ്മി വർദ്ധിച്ചു ഭൂമിയിൽ ഗോവിന്ദ. 24

ശാന്തിവിപ്രഗൃഹങ്ങളിലഗ്നികൾ
പൂവ്ശാന്തങ്ങൾ കത്തിജ്വലിച്ചുടൻ
കാന്താരേ ദ്വീപസിംഹാദിസപ്പങ്ങൾ
ജാതിവൈരം വെടികയും ഗോവിന്ദ. 25

സൂതികാലമണഞ്ഞതറിയിപ്പാൻ
ദൂതനെപ്പോലെ നീളെനടന്നുടൻ
പൂതിഗന്ധം കളഞ്ഞു സുഗന്ധവാ-
നായിവീശി തദാ വായു ഗോവിന്ദ. 26

യാതു ക്രൂരിരുൾ നീക്കിക്കളവാനും
ലോക കൈരവ ബോധം വളത്താനും
കൌസല്യാദേവി പൂവ്വാചലേ രാമ-
ചന്ദ്രൻ ജാതനായമ്പോടു ഗോവിന്ദ. 27

രാമചന്ദ്രം ജനിപ്പിച്ചു കൌസല്യാ-
ദേവി കൈകേയി പെററു ഭരതനെ
ലക്ഷ്മണനെയും ശത്രുഘ്നനാമാനം
പെററു നല്ലസുമിത്രയും ഗോവിന്ദ. 28

അക്കൻ മേടത്തിൽ വ്യാഴവും ചന്ദ്രനും
കക്കടകത്തിലന്നേരം നില്ക്കുന്നു
അക്കപുത്രൻ തുലാത്തിലും ഭാർഗ്ഗവ-
നുച്ചസ്ഥിതനായിട്ടും ഗോവിന്ദ. 29

അഞ്ചുണ്ടപ്പോൾ ഗ്രഹങ്ങളങ്ങുച്ചത്തിൽ
പിന്നെപ്പഞ്ചമഹായോഗമുണ്ടപ്പോൾ
ചന്ദ്രൻ വ്യാഴത്തോടൊന്നിക്കകാരണം
കേസരിയോഗ മുണ്ടപ്പോൾ ഗോവിന്ദ. 30

ദൃഷ്ടിയിൽ ചൊവ്വാ നിന്നതുകാരണം
കഷ്ടമുണ്ടു കളത്രം നിമിത്തമായ്
കണ്ടകശ്ശനി ഹേതുവായിട്ടുടൻ
കാട്ടപുക്കു വസിക്കണം ഗോവിന്ദ. 31

പുത്രകാരകനുച്ചസ്ഥനാകയാ-
ലുണ്ടാംനല്ലൊരുപുത്രനൊട്ടുക്കത്തു
പത്താമെടത്തു ഭാസ്കരൻ നില്ക്കയാൽ
കമ്മശക്തിയുമുണ്ടപ്പോൾ ഗോവിന്ദ. 32

ഉണ്ണിയുണ്ടായ സന്തോഷംകൊണ്ടുടൻ
പുണ്യലോകായ ഭൂതികൊടുക്കയാൽ
ആലവട്ടം കടതഴയെന്നിയേ
ശേഷിച്ചില്ലൊന്നും ഭൂപനു ഗോവിന്ദ. 33

നാലുകൈയുള്ള വിഷ്ണുവിനെപ്പോലെ
നാലുപുത്രന്മാരെക്കൊണ്ടു രാജാവും
നാലുദന്തങ്ങളുള്ള മഹേന്ദ്രമാം
വാരണം പോലെ ശോഭിച്ചു ഗോവിന്ദ. 34

ഗോവിന്ദ ഹരിഗോവിന്ദ ഗോവിന്ദ
ഗോവിന്ദാ ഹരി മാധവാ പാഹിമാം
ജാനകീനയനാമൃതഭാജന-
സ്വരൂപം കാണുമാറാകണം ഗോവിന്ദ.

മൂന്നാം വൃത്തം

കമലദലലോചനവുമമലകരപാദതല-
മസകലകലാക്ഷരമൊടരുളിനൊരു ഗീരുകളും
അതിവിശദ ദന്തരുചി മൃദുഹസിതമാനനവു-
മകതളിരിലാക മമ പരമരഘുനാഥ ജയ. 1

ത്രിശിരവരജൈരഖിലജനനയനമോദകര-
നമല യശസാച സഹവിപുല ഗുണദാശരഥി
പ്രതിപദുഡു നാഥ ഇവ സപദി വവൃധേ തദനു-
സകലജനവന്ദ്യതനു പരമരഘുനാഥ ജയ. 2

നാലുനിജചെറിയ ചിലബാലകരിലിയലിനൊരു
ലീലകളിൽ മുദിതനരപാലമണിനിജയുവതീ-
ചാലെ മുലപുണർന്നിരുന്ന കാലമഥ കുശികസുത-
നാലയത്തിനടുത്തുവന്നു രാമരഘുനാഥ ജയ. 3

നാല്വുദധിവസനയാകും ഭൂപതികൾമണിമകുട-
മാലകൊണ്ടു പരിലസിതപദകമലയുഗളത് തവ
ബാലകനെത്തരികയിന്നു യാഗക്രിയകഴിച്ചുകൊൾവാ-
നാലംബനമൊരുവരില്ല രാമരഘുനാഥ ജയ. 4

മുനിപ്രവരകുശികസുത ചെറുപ്പമത്രേ മമ മകനു (ല്ല
നമുക്കിവനെപ്പിരിഞ്ഞിരുന്നാലരക്ഷണവും പൊറുക്കയി
സമസ്തകർമ്മപ്രതിപക്ഷികൾകഴത്തറുത്തു ഹവനരക്ഷ
വരുത്തുന്നുണ്ടു വയ മപിച രാമരഘുനാഥജയ. 5

ചെറുപ്പമല്ല തവമകനുജഗത്രിതയ പരമഗുരു
വലിപ്പവുമിന്നവനെത്രയെന്നതറിഞ്ഞതില്ലയൊരുപുരുഷ
വലിപ്പമെഴമസൃക്പവനമഹൽപാവകനിവനതിനു (ൻ
വികല്പമില്ല നൃപതിവര രാമരഘുനാഥ ജയ. 6

നമുക്കിവനെ നൃപതിമണി തരികയില്ലെന്നുറച്ചുമുനി
മനക്കരുന്നിൽ കുപിതനായിപ്പുറത്തു പുറപ്പെട്ടമളവിൽ
കൊടുക്കയത്രെയുചിതമെന്നു വസിഷ്ഠമുനിവചനം കേട്ടു
കൊടുത്തുവിട്ടു നിജമകനെ രാമരഘുനാഥ ജയ. 7

ലോകത്ത്രയകൃതസുകൃതപൂരമൊരു തരുണനതയിലേവം
ചമഞ്ഞുകൊണ്ടു ചാലേ പുറപ്പെട്ടമളവിൽ (വിധം
ആപത്രയനികരങ്ങളും ദൂരവേ ഗമിപ്പതിന്നാ-
ങ്ങാരംഭിക്കത്തുടങ്ങി ഹരിരാമ രഘുനാഥ ജയ. 8

ആത്തമോദം ദശരഥൻെറ കാൽത്തളിർ വണങ്ങിവീണു
ക്രൂത്തശരം കുലചിലയും ചേത്തു നിജകരതളിരിൽ
വാത്ത മുനി പറയുന്നതുംകേട്ടു സുഖിച്ചുദിതധൃതി
പോയ്ത്തുടങ്ങി നൃപതനയർ രാമരഘുനാഥ ജയ. 9

ബലയു മതിബലയു മിതിമന്ത്രയുഗള മുപദേശിച്ചു
വിശപ്പുദാഹം കളയിപ്പിച്ചു സരയൂനദി കടന്നുടനേ
വലിയചില വനം പൂകുമ്പോൾ വലിയചിലനിനദംകേട്ടി-
ട്ടുലക്കിലുക്ക് പിടച്ചു മുനി രാമരഘുനാഥ ജയ. 10

പെരിയമല കരചരണയുഗങ്ങളെയും ധരിച്ചുകൊണ്ടു
വരുന്നപോലെ രജനിചരി വരവുകണ്ടു പറഞ്ഞുമുനി
നരഭോജിനി ഇത് താടകവരുന്നു ദശരഥതനയ
ശരംതൊടുക്കവിരവിനൊടു രാമ രഘുനാഥ ജയ. 11

അതിചുവന്നതലമുടിയും വലിയ ഗുഹകണക്കെ വായും
ചുവന്നവട്ടപ്പരിശപോലെചുവന്നകണ്ണിൻമിഴികൾരണ്ടും
പെരിയവല്ലുംകണക്കെ വയററിയ പദക്രമണംകൊണ്ടു
ധരണിതലം കുലുക്കിവന്നു രാമരഘുനാഥ ജയ. 12

വീണടിഞ്ഞമലകൾകൊണ്ടങ്ങാഞ്ഞടിക്കുമടികൾ
കൊണ്ടു
പാഞ്ഞുമൃഗപടലി ദിശിചാഞ്ഞു തരുനികരങ്ങളും
പാഞ്ഞുവന്നു പിടിച്ചുതന്റെ പ്രാണങ്ങളെകളയും മുമ്പേ
ബാണംകൊണ്ടു കൊട്ടക്കരസി രാമരഘുനാഥ ജയ. 13

ഒരുത്തിയെന്നു നിനച്ചുനീയും വധിപ്പതിന്നുമടിക്കവേണ്ടാ
പെരുത്തദുഷ്ടവധം നിനക്കു വിധിച്ചവിധിയിതെന്നറിക
തടിച്ചുവന്നുപിടിച്ചുനമ്മെ കടിച്ചുതിന്നുന്നതിന്നു മുമ്പെ
കൊട്ടക്കരസിവിശിഖംകൊണ്ടു രാമരഘുനാഥ ജയ. 14

ഭൂമണ്ഡലം വിഴുങ്ങുവാനായ് വാപിളക്കുമസുരസുത-
ദീർഘജിഹ്വവിജിതയായി വാസവനാലൊരു ദിവസം
ലോകംമൂന്നു മനിന്ദ്രമാവാൻസേവിച്ചോരു ഭൃഗുപത്നിയെ
വാസുദേവൻ കഴിച്ചു പണ്ടു രാമരഘുനാഥ ജയ. 15

മൂൎത്തിവർപരശ്ശുകൊണ്ടു ഭാൎഗ്ഗവന്റം മുറിച്ചുനിജ-
ധാത്രിയുടെ കഴുത്തുപണ്ടതോക്കഹ്വദി രഘുതിലക
പാക്കരുതു കുലയ്ക്കുവില്ലു; ചേക്കനല്ലന്വ വഴിതന്നാൽ
രാക്ഷസിയെക്കഴിക്ക; ശിവരാമരഘുനാഥ ജയ. 16

പിടിച്ചുകൊണ്ടു കടിച്ചുതിന്നുന്നവർകളുടെ
കടലുനിണ മുടലിലണിഞ്ഞിത വരുന്നു തടിച്ചുയന്നരജനി
ചരി
തൊട്ടുക്കശരം, ചെവികഴിയെവലിച്ചുനോക്കിട്ടുടനയയ്ക്ക
മടിക്കരുതു, മന്ത്രതിലക! രാമ രഘുനാഥ ജയ. 17

ഇത്ഥം മുനിവചനംകേട്ടു പെൺകൊലയിലുദിച്ചു കൃപ-
തൻശരത്തിൻമുനമേൽവച്ചിട്ടമ്പിനൊടുവലിച്ചൊന്നെയ്തു
അമ്പുകൊണ്ടു രജനിചരി മുമ്പിൽത്തന്നെ മരിച്ചു വീണു
വമ്പിച്ചൊരു മലകണക്കെ രാമരഘുനാഥ ജയ. 18

ബുദ്ധിമതിരഘുവരനിൽ സിദ്ധമാക്കി ധനുൎവ്വേദത്തെ
സിദ്ധാശ്രമം ഗമിച്ചുമുനി ശുദ്ധകൎമ്മം തുടങ്ങമപ്പോൾ
ഉദ്ധതരാം നിശിചരരും വിഘ്നങ്ങളെത്തുടങ്ങന്നേരം
യുദ്ധംചെയ്തു രഘുതിലകൻ രാമരഘുനാഥ ജയ. 19

യാഗം മുനിതുടങ്ങുന്നതിൻമീതെ ചെന്നു നിറയും ചില
നീലജലധരപടലി പോലെ നിശിചരനിവഹാ
രാമശരനികരങ്ങളും മാറിലുടനുടൻ തറച്ചു-
നാലുദിശി പറന്നുപോയി രാമരഘുനാഥ ജയ. 20

ബാഹുബലം പെരുകിയ സുബാഹു ഭുവിമരിച്ചുവീണു
രാമശരദലിത ഗളനാളനവൎദ്ധിരതനു
ജീവിച്ചുടനിരിക്കെത്തന്നെ മാരീചനു മരണമെത്തു-
വാ നിജ ശരമയച്ചു രാമരഘുനാഥ ജയ. 21

ശാപംകൊണ്ടൊരഹല്യപണ്ടു പാറയായ്ക്കിടക്കുന്നതിൻ-
മീതെ ചെന്നു ചവിട്ടുന്നേരം ശാപമകന്നവളുമുടൻ
ചാരുസ്മിതമധുരമുഖിനാരിയായിച്ചമഞ്ഞരിയ-
ഗൗതമൻെറയരികിലായി രാമരഘുനാഥ ജയ. 22

ആശ്ചരിയമധികതരം വാച്ചു മുനി പടലികളും
കാഴ്ചകണ്ടു സുഖിച്ചധികം ക്രുപ്പിത്തൊഴുമളവുപുരി
ആത്തമോദം പെരുമ്പറകൾ താക്കി സുരപടലികളും
വാഴ്ത്തുന്നതും ചെവിക്കൊണ്ടൊരു രാമരഘുനാഥജയ 23

മിഥിലയിലങ്ങകത്തുപുക്കു സകലവരനൃപസമക്ഷം
പുരഹരൻെറ പെരിയവില്ലുമൊടിച്ചരിയജനകനൃപ-
ദുഹിതൃകരപരിഗ്രഹണം കഴിച്ചു ദശരഥനുമായി
പുരിയിൽനിന്നു നിർഗ്ഗമിച്ചു രാമരഘുനാഥ ജയ 24

പാരിച്ചൊരു മഴുവെടുത്തു ഘോരവരസമരങ്ങളിൽ
പാരിലുള്ള മുടിക്ഷത്രിയവീരരുടെ കഴുത്തറുത്തു
ചോരവെള്ളപ്പെരുമ്പുഴയിൽ നീരാടിയ മുനിപ്പെരുമാൾ
നേരെവന്നു വഴിതടുത്തു രാമരഘുനാഥ ജയ. 25

പുരത്രയത്തെപ്പൊരിച്ചമമ പരമഗുരുപുരഹരൻെറ
കുലവില്ലിനെയൊടിച്ച നിൻെറ കരമൊടിപ്പനിതി
(പ്രഗത്ഭം
പറഞ്ഞടുത്തമുനിവരൻെറ കനൽക്കണ്ണുകൾമിഴിച്ചുകണ്ടു
ഭയപ്പെട്ടോടി പടജ്ജനങ്ങൾ രാമരഘുനാഥ ജയ. 26

ജഗൽപവിത്രതരപുരുഷരെതിർപ്പതിന്നു തുനിഞ്ഞളവിൽ
രവിപ്രഭകളടലിൽ ജനനയനങ്ങളിലടിപ്പിച്ചുടൻ ?
പതപ്പിൽ വിളിച്ചനുസരിച്ചുസമർപ്പിച്ചുതൽകുലചിലയും
മുനിപ്രവരൻ നടന്നുമെല്ലെ രാമരഘുനാഥ ജയ. 27

മിഴിച്ചുനിന്നു സമസ്തജനം ജയിച്ചു എന്നങ്ങുറയ്ക്കുമാറു
കഴിച്ചു യുദ്ധമവിടെനിന്നു മദിച്ചപടജ്ജനവുമായി
പിടിച്ചു കുളിയകംപടികൾ നടത്തി കുടതഴ പിടിപ്പി-
ച്ചുദിച്ചരുചിപുരിയിൽപുക്കു രാമരഘുനാഥ ജയ. 28

രാമരഘുനാഥ ജയ! രാമ രഘുനാഥ ജയ!
രാമരഘുനാഥ ജയ! രാമരഘുനാഥ ജയ!
രാമ തവപാദങ്ങളിൽ വീണുതൊഴുമെങ്ങളുടെ
പാപമകററീടു ശിവരാമ രഘുനാഥ ജയ 29

നാലാം വൃത്തം.

സുരപുരിയൊടുസമമാകും നിജ-
പുരിയിൽ പുക്കുടൻ രഘുനാഥൻ
തരുണിമാർമണിമകുടസീതയോ-
ടൊരുമിച്ചു വാണു ഹരിനംബോ. 1

ഭരതൻ മാണ്ഡവീപതിയുമൂർമ്മിളാ-
പതി ലക്ഷ്മണനുമന്നദിനം
ശ്രുതകീർത്തിപതിയതു ശത്രുഘ്നനു-
മൊരുമിച്ചു പുക്കു ഹരിനംബോ. 2

ഭരതലക്ഷ്മണാനുജനേയും രാജാ-
വയച്ചു മാതുലഭവനത്തിൽ
ഇരിക്കും കാലത്തു നിനച്ചിതോരോരോ
ഹൃദയകൗതുകം ഹരിനംബോ. 3

മകനിലേറിയ കനിവു ലോകൎക്കു
പെരുതെന്നപോലെയനുദിനം
യുവരാജാവാക്കുമിവനെ നാമെന്നു
മനസി കല്പിച്ചു ഹരിനംബോ. 4

ദശരഥാത്മജവരനഭിഷേക-
മുടനുണ്ടെന്നപോലൊരുവാൎത്ത
ദിശിദിശി നീളെപ്പുകൾപൊങ്ങി ജയ-
ജയഘോഷങ്ങളും ഹരിനംബോ. 5

വസിഷ്ഠമാമുനി സൌഷ്ഠവമായി
വിശിഷ്ടകൎമ്മങ്ങൾ തുടങ്ങുമ്പോൾ
അധിഷ്ഠാനമിട്ടു മുടക്കി രാമന്റെ
കനിഷ്ഠമാതാവു ഹരിനംബോ. 6

അഭിഷേകമെന്റെ മകനേ ചെയ്യാവൂ
വിപിനേ രാമനെയയയ്ക്കേണം
ഇവപണ്ടുചൊന്ന വരമിന്നു രണ്ടും
തരിക കാന്ത നീ ഹരിനംബോ. 7

അസുരശസ്ത്രങ്ങളുടലിലേററന്നും
പരമിത്രയില്ല പരിതാപം.
രമണീവാഗസ്ത്രമുടലിലേററപ്പോൾ
ഭുവിവീണു മോഹിച്ചു ഹരിനംബോ. 8

കൊടുംക്രൂരേ! പാപി! മമ കൈകേയി നിൻ-
കൊടുവചനത്താലുടനെ ഞാൻ
യമപുരി പുക്കിട്ടിരിക്കുമെന്നതു-
മറിക ദയിതേ നീ ഹരിനംബോ. 9

വിരവിലിങ്ങനെ കലുഷതപൂണ്ടു
പരമതാതൻെറ വചനത്താൽ
പരമാനന്ദിച്ചു പറഞ്ഞു ശ്രീരാമൻ
ചരണം കുമ്പിട്ടു ഹരിനംബോ. 10

ഭരതമൂർദ്ധാവിലവനീപാലന-
ഘനഭാരത്തെ വിന്യസിക്കയാൽ
തിരുവുള്ളമെന്നിൽ പെരുത്തു താതനെ-
ന്നനുമന്യേ ഞാനും ഹരിനംബോ. 11

സുഖദുഃഖങ്ങൾ വന്നനുഭവിക്കമ്പോ-
ളിളകാതെ ചിത്തമലരിങ്കൽ
പരചിൽക്കാതലെ ശരണമായിട്ടു
കരുതിക്കൊൾക നീ ഹരിനംബോ. 12

വനവാസത്തോളം സുഖമില്ലൊന്നുമേ
നമുക്കെന്നു കല്പിച്ചുറച്ചുടൻ
വനിതാലക്ഷ്മണ സഹിതനായ്മെല്ലെ-
പ്പുറപ്പെട്ടു രാമൻ ഹരിനംബോ. 12

മണിക്കിരീടവും മകരകുണ്ഡലം
വനമാല പാദകമലവും
മലർമാതു ചേരും തിരുമാറും എൻെറ
മനസ്സിൽ തോന്നേണം ഹരിനംബോ. 14

മരതകക്കല്ലിൻ നിറമൊത്ത നിൻെറ
തിരുമേനി എൻെറ മനക്കാമ്പിൽ
കരുതീടുമാറു വരമരുളേണം
കരുണാവാരിധേ! ഹരിനംബോ. 15

അഞ്ചാം വൃത്തം.

കല്യാണരൂപി വനത്തിന്നു പോവാൻ
വില്ലുംശരം കൈപ്പിടിച്ചോരു നേരം
മെല്ലെപ്പുറപ്പെട്ടു പിന്നാലെ സീതാ
കല്യാണിനീ ദേവി ശ്രീരാമരാമ. 1

മോദേനകൂടെപ്പുറപ്പെട്ട സീതാം
കോദണ്ഡധാരീ സമാലോക്യരാമൻ
വൈദഗ്ദ്ധ്യശാലീ രമേശൻ പറഞ്ഞു
വൈദേഹിതന്നോടു ശ്രീരാമരാമ. 2

കാന്താരവിന്ദായതാക്ഷിമനോജ്ഞേ!
കാന്താരവാസം നിനക്കാവതല്ലേ
ശാന്തേ! കുടുംബപ്രിയേ! താതപാദം
കാന്തേ ഭജിച്ചീടു ശ്രീരാമരാമ. 3

വൈദേഹി പോരേണ്ട പോരേണ്ടബാലേ
പൈദാഹശാന്തിക്കുപായങ്ങളില്ലേ
ഹേ! ദേവി കല്ലുണ്ടു മുള്ളുണ്ടു കാട്ടിൽ
പാദവ്യഥയ്ക്കങ്ങു ശ്രീരാമരാമ. 4

വ്യാളങ്ങൾ സാലാവൃകദ്വീപിവൃന്ദം
വ്യാളീതരക്ഷുക്കളും കാട്ടാനയുണ്ടേ
കാളുന്നതീയുണ്ടു പോരേണ്ടബാലേ!
നീലാരവിന്ദാക്ഷി ശ്രീരാമ രാമ. 5

എന്നാര്യപുത്രൻ വനത്തിന്നുപോയാൽ
പിന്നിപ്പുരീവാസമെന്തിന്നുവേണ്ടി
നിന്നോടുകൂടീട്ടു പോരുന്നു ഞാനും
എന്നാൾ മനോജ്ഞാംഗി ശ്രീരാമരാമ 6

സൗഭ്രാത്രമുൾക്കൊണ്ടു പോവാൻ മതിക്കും
സൌമിത്രി കൈകൂപ്പി നിന്നോരുനേരം
സൌമിത്രി മാതാവു ചൊന്നാളിവണ്ണം
സൗമിത്രി തന്നോടു ശ്രീരാമരാമ, 7

അച്ഛൻ നിനക്കിന്നു ശ്രീരാമചന്ദ്രൻ
അച്ചോ! വരാസീതമാതാവു താൻ കേൾ
ഇച്ഛിച്ചു കാന്താരമിന്നിങ്ങയോദ്ധ്യാ
കല്പിച്ചു പൊയ്ക്കൊൾക ശ്രീരാമരാമ 8

ഗാഢംവളർന്നോരു ദുഃഖേന ലോകർ
ചാടിച്ചു കണ്ണീരുമാബാലവൃദ്ധം
ചാടിപ്പുറപ്പെട്ടുതീരേ സരയ്വാഃ
കൂടെത്തുടർന്നങ്ങു ശ്രീരാമരാമ. 9

നാരീശിരോമാല കൈകേയി ചിത്തം
പാരിത്തക്കാകാരിരിമ്പിന്നു തുല്യം
രാമാനനം കാൺകിലേവക്കു ചിത്തം
ശൈഥില്യമാകാത്തു ശ്രീരാമരാമ. 10

കൂനീഗിര കേട്ടു കൈകേയിമാതാ
മാനിച്ചു ചൊല്ലുന്ന വാചാമഹാത്മ്യ
ദീനതപമുൾക്കൊണ്ടു താതാജ്ഞ രാമൻ
മാനിക്കവേണ്ടീല ശ്രീരാമ രാമ. 11

കാണിക്ഷണം നിന്നെ വേവ്വിട്ടിരുന്നാൽ
ദീനതാമൂലംകൊണ്ടു ദുഃഖിക്കുമസ്മാൻ
കാണാതെവേർവ്വിട്ടു നീ പോകിലിപ്പോൾ
പ്രാണങ്ങൾ പോകുന്നു ശ്രീരാമരാമ. 12

പാരിച്ച കണ്ണീരൊലിപ്പിച്ചു താതൻ
ചാരത്തുവന്നങ്ങു നില്ക്കുന്നനേരം
ചാരുസ്മിതം തൂകി വന്ദിച്ചുപോയി
ശ്രീരാമചന്ദ്രോപി ശ്രീരാമരാമ 13

ഇന്നൊത്രദൂരം നടക്കേണമായ്വാ
എന്നങ്ങു ഭൂയോപി ഭൂയോപിചൊല്ലും
വാമാക്ഷിസീതാ ജനിപ്പിച്ചു കണ്ണീർ
പ്രാഥമ്യമായന്നു ശ്രീരാമരാമ. 14

രാമാംഘ്രിതട്ടുന്ന പാഷാണവുംപോയ്
സ്ത്രീരൂപമായ്വന്നുവെന്നോർത്തുതന്നെ
സീതാനസസ്മാര പാദവ്യഥാന്താം
സഞ്ചാരഖിന്നാപി ശ്രീരാമരാമ 15

സംഗം മുഴക്കും ഗുഹനോടുസഖ്യം
ഭംഗ്യാ കഴിച്ചിംഗുദീശാഖി മൂലേ
മംഗല്യമായ്തീർത്ത പർണ്ണാലയത്തിൽ
കല്യാണമായ്പുക്ക ശ്രീരാമ രാമ 16

അംഗാരനേത്രനെടുത്തങ്ങുചൂടും
ശൃംഗാരമാലാംമഹാശോഭിരാമെ
ഭംഗ്യാ ജടാവല്ക്കലത്തെ ധരിച്ചു
ഗംഗാംകടന്നു ഹരേരാമരാമ. 17

മിത്രപ്രഭാവൻ ഭരദ്വാജവാചാ
ചിത്രാചലേ പർണ്ണശാലാ കടീരേ—
മിത്രത്രയത്തെസ്സുഖിപ്പിച്ചിരുന്നു
ഭദ്രാങ്ഗേഹോ ചാരു ശ്രീരാമരാമ. 18

ശ്രീരാമചന്ദ്രേഗതേചിത്രകൂടം
വാരാന്നസൗമിത്രി സീതാസമേതേ
പാരിച്ചദുഃഖം മനക്കാമ്പിലപ്പോൾ
ശ്രീരാമതാതന്നു ശ്രീരാമരാമ. 19

പുത്രാർത്തി കൈക്കൊണ്ടു ദുഃഖിച്ചു താതൻ
സ്വർഗ്ഗത്തിലുൾപ്പുക്കവെന്നുള്ള വൃത്തം
ശുശ്രാവ; രാമാനുജഭ്രാതൃഗേഹേ
ശത്രുഘ്നനാമാപി ശ്രീരാമരാമ. 20

ശത്രുഘ്നസംയുക്തനായുഗ്രധന്വാ
വ്യഗ്രിച്ചയോദ്ധ്യാ സമീപേ വരുമ്പോൾ
മന്ത്രീശ്വരാൽക്കേട്ടു കൈകേയിവൃത്തം
സംക്രുദ്ധവാനായി ശ്രീരാമരാമ. 21

താതംമദീയം മരിപ്പിപ്പതിന്നും
രാമം വനത്തിന്നു യാത്രാക്കുവാനും
മംഗല്യസൂത്രം പറിപ്പാനുമാളാ-
യേഷാ മഹാപാപി ശ്രീരാമരാമ. 22

രാജ്യത്തിൽ വാഴ്കെന്നുചൊല്ലും വസിഷ്ഠ-
ന്നാജ്ഞാം വെടിഞ്ഞങ്ങു രാമാനുജന്മാർ
ത്യാജ്യം നമുക്കെന്നു കല്പിച്ചുപോയി
രാമാശ്രയത്തിന്നു ശ്രീരാമരാമ. 23

അച്ഛൻമരിച്ചുള്ളവസ്ഥാ പ്രസംഗേ
സച്ചക്ഷുരശ്രുപ്രവാഹങ്ങൾ വാൎത്തും
ദിക് ചക്രഭേദം വരുത്തീടുമാറും
ചൎച്ചിച്ചുദുഃഖിച്ചു ശ്രീരാമരാമ 24

കൃത്യംപിതൃവ്യം പരേതസ്യകൃത്വാ
നിത്യാനുഭൂതൻ മഹാത്മാവു രാമൻ.
സത്യപ്രതിജ്ഞോനയോദ്ധ്യയ്ക്കയച്ചു
നിത്യം കനീയാംസ ശ്രീരാമരാമ. 25

രാമാജ്ഞ കൈക്കൊണ്ടു രാമാനുജൻതാൻ
തല്പാദുകേ മൂൎദ്ധ്നി വിന്യസ്യ നന്ദി
ഗ്രാമേകരോദ്രാജ്യമാശാന്തചേതാ
രാമാഗമാകാംക്ഷി ശ്രീരാമരാമ. 26

സച്ചിൽസ്വരൂപിൻ ജഗന്നാഥവിഷ്ണോ!
സച്ചക്ഷുരാദിത്യവന്ദേഹിനിത്യം
വച്ചീടുനിൻചേവടിത്താരിദാനീം
മച്ചിത്തരംഗേ ഹരേരാമരാമ. 27

ആറാം വൃത്തം

മിത്രബാന്ധവലോകരൊക്കെയുമത്രപോന്നുവരുംദ്ദൃഢം
ഭദ്രമല്ലിനിയത്രവാസമതെന്നുറച്ചു രഘൂത്തമൻ
ഭദ്രലക്ഷ്മണസീതയോടൊരുമിച്ചുചിത്രതരാലയം
ചിത്രകൂടമതിക്രമിച്ചു നടന്നു രാമ ഹരേഹരേ. 1

ഖണ്ഡനായ ധരാവിരോധമിയററി മേവിന വൈരിണാം
പുണ്ഡരീകവിലോചനൻ മദനാന്തകാന്തകസന്നിഭൻ
ദണ്ഡകാവന മിന്ദുമണ്ഡലചുംബി ഭൂരുഹമണ്ഡിതം
ചണ്ഡഭാനുരിവാഭ്രമണ്ഡലമാപ രാമഹരേ ഹരേ. 2

പുഷ്പിതദ്രുമരാജിദത്തവിലോചനേ രഘുനായകേ
പുഷ്പസായകദേവകീർത്തിമപഹൃത്യകോപി നിശാചരൻ
ദർപ്പശാലി വിരാധനംബരമുല്പപാതത ദൈവതാ
മുഗ്രരാമശരാഗമേ വിസസർജ്ജരാമ ഹരേ ഹരേ. 3

ദോസമസൂര്യ്യന്മെയും ധരിച്ചൊരു വിന്ധ്യപർവ്വതസന്നിഭൻ
വീരലക്ഷ്മണരാഘവൗ നിജ തോളിൽവച്ചുയരുംവിധൗ
വാളുകൊണ്ടു മുറിച്ചു തല്ക്കരമൂഴിയിൽ പതിപ്പിച്ചുടൻ
വാനിലാക്കിയവന്നെയും ശിവരാമരാമഹരേഹരേ. 4

പ്രാണഹാരണത്രവാൻ ശരഭംഗമാമുനി മൈഥിലീ
പ്രാണനാഥസമാഗമേ പരലോകമാപസുഖാവഹം
പ്രീണനായ് നടന്നു ദണ്ഡകവാസിനാം യമിനാംധനർ-
ബ്ബാണപാണിരഗസ്ത്യവാസമവാപരാമഹരേഹരേ 6

രാമലക്ഷ്മണദർശനോത്സവകൗതുകാന്മുനി മണ്ഡലം
കാണ്മതിന്നടുത്തങ്ങവന്നു നിറഞ്ഞുനിന്നു നിരന്തരം
ലോചനങ്ങൾ തണുത്തുകാമസമാനരാമവിലോകനേ
മാനസങ്ങളഴിഞ്ഞുപോയ് ശിവരാമരാമഹരേഹരേ 6

വിക്രമാംബുനിധേ!രഘൂത്തമ! ലക്ഷ്മണാഗ്രജ! രക്ഷസാം
വിക്രമങ്ങളൊരോന്നു വെവ്വേറെ കേൾക്കനീ കരുണാകര
ദുഷ്കൃതങ്ങളുമദീയമെന്നതു തന്നെനീ നിനയായ്കഭ്ര-
ചക്രലോകമിതൊക്കെയെങ്ങനെ രാമരാമഹരേഹരേ! 7

ഉണ്ണി! രാഘവ! നീയടുത്തിങ്ങുപോരുക ബാലക!
കണ്ണൊരിത്തു യിനിക്കുകാണ്ണ് വയസ്സനേക മതീതമായ്
എണ്ണുകിൽ ശതമല്ലരാമ! പിടിച്ചുരാക്ഷസ ഭക്ഷിതം
ഉണ്ണിദണ്ഡജിനാദികാണിത്തു രാമരാമഹരേഹരേ! 8

ഹന്തരാക്ഷസകന്തപാഞ്ച മദീയദന്തമടന്നുപോയ്
ചിന്തനീയമിതെന്തുരാമ മദീയവേദനമെന്നിയേ
മന്ഥരാഗമിയായി മാമകഗാത്രമേകന്റടിക്കയോ-
ലന്തരാളസമാഗമേഹരിരാമരാമഹരേഹരേ 9

ദണ്ഡപാണിരിവാത്രവന്നൊരു രാക്ഷസന്മടിയാതുടൻ
ദണ്ഡുകൊണ്ടു കുമച്ചുനമ്മുടെ കണ്ണുമൊന്നുപൊടിഞ്ഞു
പോയ്
ചണ്ഡഭാനുകുലാവതംസ! മദീയദണ്ഡുമിതിൽപരം
ദണ്ഡതാഡനമെത്രരാഘവ! രാമരാമഹരേഹരേ! 10

ഊക്കനാകിയ രാവണൻ പുനരുക്കക്കൂടെ മുടക്കിനാൻ
വാക്കുകേൾക്കിലതിപ്പൊഴുംമമ മൂത്രപാതമുടൻവരും
സാക്ഷിദൈവമൊഴിഞ്ഞുമറെറാരു ഭ്രതരില്ലനമുക്കുകേൾ
തീക്ക് നമ്മുടെ സങ്കടങ്ങളെ രാമരാമഹരേഹരേ 11

ഗർവ്വഹീനമിവണ്ണമഗ്നി സമാനമാമുനി വാക്കിനാൽ
ശർവ്വഫാലവിലോചനോപമലോചനൻ രഘുനായകൻ
സർവരാക്ഷസവീരവംശവധപ്രതിജ്ഞയുമാശ്ശുചെ-
യ്യുവ്രാമൃത മേകിനാൻ ഹരിരാമരാമഹരേഹരേ! 12

ശാർങ്ഗചാപ മഗസ്ത്യമാമുനിവാക്കിനാലിഷുധീമുദാ
വാളുമങ്ങരിരക്ഷയായ് നിജപക്കൽ വാങ്ങി രഘൂത്തമൻ
മാർഗ്ഗണങ്ങളെടുത്തുടൻ മുനി മാർഗ്ഗണീയപദാംബുജൻ
മാർഗ്ഗമേനടകൊണ്ടു രാക്ഷസനാശനായ ഹരേ ഹരേ. 13

തീൎത്ഥഭൂതജലപ്രവാഹമഹാനദീ നികടേ ചിരം
ചിത്രപഞ്ചവടീ വനേ വരപൎണ്ണസത്മനി മെത്തമേൽ
തീൎത്ഥമാടി മനഃപ്രസാദമരം വരുത്തി നിജപ്രിയാം
പാത്രവക്ത്രമണഞ്ഞു പുൽകിരമിച്ചു രാമഹരേ ഹരേ. 14

സീതയായൊരു കല്പവല്ലി പടൎന്ന രാമസുരദ്രുമ-
ഛായതന്നിൽ വസിച്ചുമാമുനിപക്ഷിമണ്ഡല മാരരാൽ
രാവണാക്രമഹാതപത്തിനൊരാതപത്രമുദാരവാങ്ങ്-
മാധുരീഫലമാസ്വദിച്ചു മദിച്ചു രാമഹരേ ഹരേ. 15

രാമരാമ! ഹരേ ഹരേ! രഘുനാഥ നാഥ! ദയാനിധേ!
ജാനകീരമണാരവിന്ദവിലോചനാ! പരിപാഹിമാം
രാമ! നീലഘനാഭിരാമ മനോഭിരാമ രമാപതേ!
രാമചന്ദ്ര! ജയിക്കനീ ശിവരാമ രാമ ഹരേ! ഹരേ. 16

വ്യാഖ്യാനം.

ഒന്നാം വൃത്തം.

1. വെണ്മതികലാഭരണൻ=വെണ്മതികല (ചന്ദ്രക്കല) ആഭരണമായിട്ടുള്ളവൻ, ശിവൻ, അംബിക=പാർവ്വതി, ഗണേശൻ=ഭൂതഗണങ്ങളുടെ നാഥൻ (ഗണപതി) നിർമ്മലഗുണാകമല=നിർമ്മലഗുണയായ കമല മഹാലക്ഷ്മി) നാന്മുഖൻ=ബ്രഹ്മാവ്, ആദികവിമാതൃ=സരസ്വതി, ഗുരുഭൂതർ=ഗുരുക്കന്മാർ, (ശിവനും പാർവ്വതിയും ഗണപതിയും മഹാവിഷ്ണുവും മഹാലക്ഷ്മിയും ബ്രഹ്മാവും സരസ്വതിയും ഗുരുക്കന്മാരും നമുക്കു നന്മകൾ തരട്ടെ.)

2. ഉത്തമപുരാണപുരുഷൻെറ=ഉത്തമനായ പുരാണപുരുഷൻെറ (മഹാവിഷ്ണുവിൻെറ) ചരിതാനാം=ചരിത്രങ്ങളിൽവച്ച്, ആദിരഘുനായകചരിത്രം=ആദിരഘുനായകൻെറ ചരിത്രം (രഘുവംശശ്രേഷ്ഠനായ ശ്രീരാമൻെറ ചരിത്രം) മുക്തിപദം=മോക്ഷപദവി, ഏകുക=നൽകുക (മഹാവിഷ്ണുവിൻെറ ചരിത്രങ്ങളിൽവച്ചു ശ്രേഷ്ഠമായ ശ്രീരാമചരിത്രം മോക്ഷസിദ്ധിയ്ക്കുവേണ്ടി ഞാൻ ഭക്തിയോടുകൂടി പറയുന്നു.

3. രാക്ഷ......നലിൽ=രാക്ഷസകുലത്തിൻെറ അധിപതിയായ രാവണൻെറ ഭുജോഷ്മാ (കൈയ്യൂക്ക്) വാകുന്ന തീക്കനലിൽ,ഉഴലും=സങ്കടപ്പെടുന്ന, അത്രിദശപാളി=ആ ദേവന്മാരുടെ കൂട്ടം, പാൽ......ഷൻെറ=മഹാവിഷ്ണുവിൻെറ, ഭുവി=ഭൂമിയിൽ (രാക്ഷസാധിപതിയാ

യ രാവണന്റെ കൈയ്യുക്കാകുന്ന അഗ്നിയിൽപെട്ടു സ ങ്കടമനുഭവിക്കുന്ന ദേവസമൂഹം പാൽക്കടലിൽ ചെന്നു മഹാവിഷ്ണുവിന്റെ പാദങ്ങളിൽ നമസ്കരിച്ചു)

4. മാധവൻ=മായുടെ [ലക്ഷ്മിയുടെ] ധവൻ (ഭ ൎത്താവ്) മധുസൂദനൻ=മധു എന്ന അസുരനെ വധിച്ച വൻ, ആധിശമനായ = സങ്കടം ശമിക്കുന്നതിനായിട്ട്, ഭവ=ഭവിച്ചാലും, നീലഘനദ്ധാമൻ, കാർമേഘംപോലെ യുള്ള വൎണ്ണത്തോട്ടുകൂടിയവനേ, സാധുജനപാലന=സാ ധുജനങ്ങളേ പാലിക്കുന്നവനേ, നിബോധ=ബോധിച്ചാ ലും, ഗിരം=വാക്കിനെ' അസ്മാൻ=ഞങ്ങളെ, പാഹി=പാ ലിച്ചാലും, നമഃ, അസ്തു=നമസ്കാരം ഭവിക്കട്ടെ, (മഹാ ലക്ഷ്മിയുടെ ഭൎത്താവും മധുവൈരിയുമായ ഹേ! കാർവ ൎണ്ണാ അങ്ങു ജയിച്ചാലും ഞങ്ങളുടെ ആധിശമനത്തിനാ യിക്കൊണ്ട് അങ്ങ് വീണ്ടും ജനിച്ചാലും. സാധുജനങ്ങളെ പാലിക്കുന്ന അങ്ങ് ഞങ്ങളുടെ വാക്കുകേട്ടു ഞങ്ങളെ ര ക്ഷിച്ചാലും ഞങ്ങൾ നമസ്കരിക്കുന്നു.)

5. ഇത്ഥം=ഇപ്രകാരം,അമരസ്തുതികൾ-ദേവന്മാ രുടെ സ്തോത്രങ്ങൾ, പുരുഷോത്തമൻ - പുരുഷോ ത്തമനായ വിഷ്ണു, ഫണിമെത്ത-ഫണിയാകുന്നമെത്ത. ഫണി-സൎപ്പം, (അനന്തൻ) അമർത്ത്യാഃ-അമർത്ത്യന്മാരേ!, ഭവദാഗമനകാരണം-നിങ്ങളുടെ വരവിനുള്ള കാരണം, സാമ്പ്രതം-ഇപ്പോൾ, ഇദം-ഈവിധം, കിം-എന്ത്, ഇ തി-എന്ന്, ദേവന്മാരുടെ സ്തുതികൾ കേട്ട് ഉണൎന്ന് അന ന്തതല്പത്തിൽ ഇരുന്നു "ദേവന്മാരെ നിങ്ങൾ ഇവിടെ വ രുവാനുണ്ടായ കാരണം എന്താണെന്നു പറയുക" എന്നു അരുളിച്ചെയ്തു.

6. സാക്ഷിഭവതാ-സർവ്വത്തിനും സാക്ഷിയായിരിക്കുന്ന അങ്ങയാൽ, ഇദാനീം-ഇപ്പോഠം, അവിദിതം-അറിയപ്പെടാത്തതു്, കിം-എന്തു്, സൂക്ഷ്മതനുവായി സൂക്ഷ്മശരീരനായി, അഖിലജന്തുഷ്യ-എല്ലാപ്രാണികളിലും, നിവാസം-നിവാസം കൈക്കൊള്ളുന്നു എന്നു് അർത്ഥം, ഈക്ഷണകലാചലനമാത്രയിൽ-ഈക്ഷണകലയുടെ (കണ്ണിൻെറ അംശം) ചലനമാത്രത്താൽ, വിശ്വം-ലോകം, തീക്ക്-സൃഷ്ടിക്ക. തവ-അങ്ങയുടെ, വൈഭവം മാഹാത്മ്യം (ശക്തി) ലോകസാക്ഷിയായ അങ്ങേക്കു് അറിയാൻ പാടില്ലാതെ ഇവിടെ എന്താണുള്ളതു്. അങ്ങു് അദൃശ്യരൂപനായി എല്ലാ പ്രാണികളിലും സ്ഥിതി ചെയ്യുന്നു. കടക്കണ്ണിളക്കംകൊണ്ടു് ലോകസൃഷ്ടി നിർവ്വഹിക്കുന്നതിനു ശക്തിയുള്ള അങ്ങു് ഇങ്ങിനെ ചോദിക്കുന്നതെന്തു്.

7. അകരുണാഃ-കരുണയില്ലാത്തവരും, കാമവിവശാഃ-കാമപരവശന്മാരുംആയ, യേ-യാതൊരുത്തർ വരദാ-വരം കൊടുക്കുന്നവനെ, ത്വാം-നിന്നെ, ആപദി-ആപത്തിൽ, ഭജന്തി-ഭജിക്കുന്നു, അർത്ഥേസുലഭേ-അർത്ഥം സുലഭമായിരിക്കുമ്പോഠം നഃഭജന്തി-ഭജിക്കുന്നില്ല. തൽ-അതു്, കേവലസുഖായ-കേവല സുഖത്തിനായി ക്കൊണ്ടു്; നഹി, അല്ല (അതു്) ന, വിദിതം, കിം-അറിയപ്പെട്ടിട്ടില്ലേ, തദ്വത്-അതുപോലെ, തെ, വയം അപി-ആ ഞങ്ങളും ഭവിക്കുന്നു. (കരുണാഹീനരും കാമവിവശരുമായവർ ആപൽക്കാലത്തിൽ അങ്ങയെ ഭജിക്കയും സമ്പൽകാലത്തിൽ ഭജിക്കാതെ ഇരിക്കയും ചെയ്യുന്നു. അതു കേവലസുഖത്തിനു കാരണമായി തീരുന്നില്ലെന്നുള്ളതു് അവിടേക്കു് അറിവുള്ളതാണല്ലോ. ഞങ്ങളും അങ്ങിനെതന്നേയാണു ചെയ്യുന്നതു്.

8. ശങ്കരൻ-ശിവൻ, ശങ്ക-ഭയം, തൻകരതലൈ-തൻെറ കരതലങ്ങളെക്കൊണ്ട് അചലചഞ്ചലനഹേതോഃ-അചലത്തിൻെറ ചഞ്ചലം നിമിത്തം, (പർവ്വതം ചലിപ്പിച്ചതുകൊണ്ട്) ഏകി-കൊടുത്തു, (പരമശിവൻ വരം കൊടുത്തതുകൊണ്ട് അവൻ അങ്ങയേയും ഭ ്യപ്പെടുന്നില്ല. സ്വന്തം കൈകൊണ്ടു കൈലാസം ഇളക്കി ശിവനെ അവൻ ഭയപ്പെടുത്തിക്കളഞ്ഞു.)

9. അരിസൂദന-ശത്രുനാശന, ദശകന്ധരദുരാത്മാ-രാവണനെന്ന ദുഷ്ടൻ, ഭുവനത്രയം-ഭൂമി, സ്വർഗ്ഗം, പാതാളം എന്നു മൂന്നു ലോകങ്ങൾ, രൂക്ഷത-ദുഷ്ടത, (ഹേ ശത്രുനാശനാ അങ്ങയുടെ ആജ്ഞ അനുസരിച്ചു പറയുന്ന എൻെറ വാക്കു കേൾക്കുക. മൂന്നു ലോകങ്ങളേയും അടക്കിഭരിക്കുന്ന രാവണൻെറ രൂക്ഷസ്വഭാവം ഭയങ്കരമാണ്.)

10. വിക്രമനിധേ-വിക്രമത്തിന് ഇരിപ്പിടമായവനേ, ശൃണു-കേട്ടാലും, ധിക്കൃതമഹേന്ദ്രൻ-മഹേന്ദ്രനെ (ദേവേന്ദ്രനെ) ധിക്കരിച്ചവൻ, വക്ഷസി-വക്ഷസ്സിൽ (മാറിടത്തിൽ) മുഹു-വീണ്ടും വീണ്ടും, ദിക്കരികൾ-എട്ടു ദിക്കുകളാകുന്ന ആനകൾ, ഐരാവതം, പുണ്ഡരീകം, വാമനൻ, കുമുദൻ, അഞ്ജനൻ, പുഷ്പദന്തൻ, സാവ്ഭൗമൻ, സുപ്രതീകൻ, ഇവയാണു അഷ്ടദിഗ്ഗജങ്ങൾ.

11. അച്യുത-മഹാവിഷ്ണോ, ഭവാനാൽ, ദത്തം, അപി-ഭവാനാൽ ദത്തമാണെങ്കിലും (അങ്ങു തന്നതെങ്കിലും) മല്പദം-എൻെറ സ്ഥാനം. പാത്ര ....നായ്-അവനു പാത്രപരികല്പനം-(പാത്രം അടുപ്പിൽ കയററുന്ന കൃത്യം) ആണ് എൻെറ

ജ്വോലി, അഗ്നി അവന് അശനം-ഭക്ഷണം വയ്ക്കണം-പാകം ചെയ്യണം അധോഭുവി-താഴെ (പാത്രത്തിനടിയിൽ) കരിയാതെ കത്തണം-സാധനങ്ങൾകരിഞ്ഞുപോകാത്തവിധത്തിൽ കത്തണം (മഹാവിഷ്ണോ അവിടുന്നുതന്നെ എൻെറ സ്ഥാനം അവൻ അടക്കി ഇപ്പോൾ എനിക്കു അവൻെറ ആവശ്യത്തിനു പാകം ചെയ്യുന്നതിനു പാത്രം അടുപ്പിൽ വയ്ക്കുകയാണ് ജ്വോലി. അഗ്നി, സാധനങ്ങൾ കരിഞ്ഞുപോകാത്ത വിധത്തിൽ അടിയിൽ കത്തി പാകകൃത്യം നിർവ്വഹിക്കണം)

12. യമൻ-കാലൻ വല്ലഭം-സാമത്ഥ്യം. നിരൃതി-ദിക്പാലകന്മാരിൽ ഒരാൾ പാശി-വരുണൻ നല്ല പവമാനൻ-നല്ല കാററ്

13. എട്ടുദിശി-എട്ടു ദിക്കിലും ദീപം-വിളക്ക് അഷ്ടമണിനാഗം-എട്ടുരത്നങ്ങളുള്ള സപ്പങ്ങൾ [ഇങ്ങനെയുള്ള സപ്പങ്ങളാണ് അവന് എട്ടുദിക്കിലും വിളക്കായിട്ടിരിക്കുന്നതു്) ഫണിരാജൻ-അനന്തൻ വൈശ്രവണം-വൈശ്രവണനെ (ഇദ്ദേഹം ധനാധിപതിയാണ്) നിശിചാരി-രാക്ഷസൻ

14. അഗതി-ആശ്രയമില്ലാത്തവൻ മഹാത്മാ-മാഹാത്മ്യമുള്ളവൻ ജംഭരിപുതാൻ-ഇന്ദ്രൻതന്നെ സ്തംഭ......പുരാഗ്രേ-സ്തംഭശതങ്ങളെക്കൊണ്ടു ശോഭിക്കുന്ന മണിഭവനത്തിൻെറമുന്നിൽ കുംഭ......വത്തി-കുംഭൻ തുടങ്ങിയുള്ള രാക്ഷസന്മാരുടെ ചീത്തവാക്കുകൾക്കു വശപ്പെട്ടവൻ, സ്തംഭമയനായ്, വസതി-സ്തംഭമയനായിട്ട് (തൂണുപോലെ) വസിക്കുന്നു. ഹന്ത-ആശ്ചര്യം [യാതൊരാശ്രയവും കാണാതെ ദേവേന്ദ്രൻ രാക്ഷസന്മാരുടെ ചീത്തവാക്കുകളും കേട്ടുകൊണ്ടു രാവണൻെറ മണി

മേദയുടെ മുൻവശത്തു തൂണുപോലെ ഇരിക്കേണ്ടിവന്നിരിക്കുന്നു)

15. ധൂത്തമതി-ദുർബ്ബുദ്ധി പേത്തും-വീണ്ടും, അയിരാവത(ഐരാവതം)-ഇന്ദ്രൻെറ വെള്ളാന. (യമൻെറ വാഹനമായ പോത്തു വണ്ടിവലിക്കയും ഐരാവതം തടിവലിക്കയും വേണം)

16. മാമകവിലാസിനികൾ-എൻെറ സുന്ദരികൾ (ഭാൎയ്യമാർ)

17. സൂരികൾ-വിദ്വാന്മാർ ദിശി-ദിക്കിൽ, രാവണനുടെ-ലോകത്തെകരയിക്കുന്നവൻെറ(രാവണൻെറ)

18. മേദിനി-ഭൂമി മഹീസുരവരാണാം-മഹീസുര (ബ്രാഹ്മണ)ശ്രേഷ്ഠന്മാരുടെ. വേദികൾ-യാഗത്തിനായിട്ടുള്ള തറകൾ, നിണം-രക്തം യാഗഹവനാദികൾ-യാഗഹോമാദികൾ, [ഭൂമിയിൽ പാൎക്കുന്ന ബ്രാഹ്മണശ്രേഷ്ഠന്മാരുടെ സങ്കടം എത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ വിഷമം. രാക്ഷസർ യാഗസ്ഥലങ്ങളിലെല്ലാം രക്തം കോരിച്ചൊരിഞ്ഞു അശുദ്ധപ്പെടുത്തി യാഗഹോമാദികൾ മുടക്കിക്കളഞ്ഞു)

19. നഷ്ടയജ്ഞനാൽ-യാഗനാശത്താൽ, നട്ട്-കുഴിഞ്ഞ്, നഷ്ടി-നാശം, ദുഷ്ട.....മുന-ദുഷ്ടരജനീചരന്മാരാകുന്ന (ദുഷ്ടന്മാരായ രാക്ഷസന്മാർ) ദവാഗ്നിക്കു (കാട്ടുതീ) ഘനധാരയാകുന്ന (മഴ) ദൃഷ്ടിമുന (കടക്കണ്ണ്) യാഗങ്ങൾ നശിച്ചതുകൊണ്ട് വിശന്നു കണ്ണും കുഴിഞ്ഞു പരവശരായിരിക്കുന്ന ഞങ്ങൾക്കു ദുഷ്ടരാക്ഷസന്മാരാകുന്ന കാട്ടുതീയ്ക്കു മഴയായ അവിടുത്തെ കടക്കണ്ണുകൊണ്ടുള്ള നോട്ടം ഉണ്ടാകണം)

20. ഇഹ-ഇവിടെ, വിഷാദം മതി-വിഷാദിക്കേണ്ട) യൂയം-നിങ്ങൾ. ഭുവി-ഭൂമിയിൽ വാനരകുലേ-വാനരകുലത്തിൽ, പിറക്കുക-ജനിക്കുക. (ദേവന്മാരെ വിഷാദിച്ചതുമതി നിങ്ങൾ വാനരന്മാരായി ജനിക്കുവിൻ എന്നുപറഞ്ഞു)

21. വേധാ-ബ്രഹ്മാവേ, ശൃണു-കേട്ടാലും, ആശരകുലാധമവധായ-രാക്ഷസകുലാധമൻെറ (രാവണൻെറ) വധത്തിനായിട്ട്, ദാശരഥിയായി-ദശരഥപുത്രനായി, പിറപ്പൻ-പിറക്കും, നാശമകലും-നാശംഇല്ലാതാകും, ആശു-പെട്ടെന്ന്, അല്ലയോ ബ്രഹ്മാവേ! രാവണവധത്തിനായിട്ട ഞാൻ ദശരഥപുത്രനായി ജനിക്കും അന്നു നിങ്ങളുടെ ദുഃഖങ്ങളെല്ലാം നശിക്കും. ഇത്രയും പറഞ്ഞു മഹാവിഷ്ണു മറഞ്ഞു.

22. യഃ-യാതൊരുത്തൻ, കാലഗുണശക്ത്യാ-കാലഗുണശക്തികൊണ്ട്, ഇദം-ഈ ജഗൽ-ലോകത്തെ സൃജതി-സൃഷ്ടിക്കുന്നു. യഃ, പരമാത്മാ-യാതൊരു പരമാത്മാവ്, ഇദം, ജഗൽ-ഈ ലോകത്തെ, സപദി, പാതി-ഇപ്പോൾ പാലിക്കുന്നു, യഃ ഇദം,ജഗൽ-യാതൊരുത്തൻ ഈ ലോകത്തെ, ഹരതി-ഹരിക്കുന്നു, സഃ അയം, അഖിലേശഃ ആ ഈ അഖിലേശൻ, മെ-എൻെറ മനസി-മനസ്സിൽ, സംഭവതു-സംഭവിക്കട്ടെ, (കാലഗുണശക്തി അനുസരിച്ചു ഈ ലോകത്തെ സൃഷ്ടിക്കുകയും പാലിക്കുകയും സംഹരിക്കുകയും ചെയ്യുന്ന ആ അഖിലേശ്വരൻ എൻെറ മനസ്സിൽ സ്ഥിതിചെയ്യട്ടെ)

23. ആശ്രിതജനാനാം-ആശ്രിതജനങ്ങളുടെ, അല്ലൽ അകററീടുവതിന്-ദുഃഖം ഇല്ലാതാക്കുവതിന്, അടവി-കാട്ട്, (ആശ്രിതന്മാരുടെ സങ്കടത്തെ ഇല്ലാതാക്കുന്നതിനായി വില്ലും അമ്പും എടുത്തു കാട്ടിൽ എഴുന്നെ

ള്ളി പ്രസിദ്ധനായ രാവണനെകൊന്നു് നമുക്കു ശ്രേയസ്സു വരുത്തട്ടെ)

24. രജനീചരകുലാന്തക-രാക്ഷസകുലത്തിന്നു നാശകാരണനായവനെ, മഹിതരൂപം-ശ്രേഷ്ഠമായ രൂപം.

രണ്ടാം വൃത്തം.

1. സൂര്യവംശേ-സൂര്യവംശത്തിൽ, ഭൂപാലാനാം-രാജാക്കന്മാൎക്കു്, കോസലവിഷയങ്ങളിൽ-കോസലരാജ്യത്തിൽ, പുരാ-പണ്ടു്, (പണ്ടുകോസലരാജ്യത്തിൽ സൂര്യവംശരാജാക്കന്മാൎക്കു അയോദ്ധ്യയെന്നൊരു രാജധാനിയുണ്ടായിരുന്നു)

2. നീലമേതായ സരയൂനദി-നീലജലത്തോടുകൂടിയ സരയൂനദി, ചാരത്തു്-സമീപത്തു്, (അയോദ്ധ്യയെ ചുററിഒഴുകുന്ന സരയൂനദി അതിന്നൊരു കിടങ്ങായിരുന്നു)

3. ഇന്ദ്രസമ്പത്തു്-ഇന്ദ്രധനം, ഭദ്രസമ്പത്തു്-ശ്രേഷ്ഠധനം, രത്നമാടങ്ങൾ-മണിമേടകൾ,

4. സവ്യസാചികൾ-ഇരുകരങ്ങൾകൊണ്ടും ശരം പ്രയോഗിപ്പാൻ മിടുക്കുള്ളവൻ, ഹവ്യഗവ്യങ്ങൾ-ഹവ്യങ്ങളും (ഹോമദ്രവ്യങ്ങളും) ഗവ്യങ്ങളും (പാൽ നൈ മുതലായവയും) (അയോദ്ധ്യയിൽ വില്ലുകളെല്ലാം രത്നങ്ങളും വില്ലാളികൾ സവ്യസാചികളും ആയിരുന്നു. കൂടാതെ ഹവ്യഗവ്യങ്ങളെക്കൊണ്ടു ദേവപൂജയും നടന്നുവന്നു.

5. ചിത്തരമ്യം-മനോഹരം

6. മന്ദിരം-വീട്ട്, ഇന്ദിന്ദിരങ്ങൾ-വണ്ടുകൾ, അംബുജാതങ്ങൾ-താമരപ്പൂക്കൾ.

7. മന്നീരേഴും-പതിന്നാലു ലോകങ്ങളും, കന്നൽകണ്ണി-സുന്ദരി.

8. മേദിനീതിലകം-ഭൂമിയുടെ പൊട്ട്, മേദിനീപതി മൗലി-രാജശ്രേഷ്ഠൻ, ദശരഥനാമധേയവാൻ-ദശരഥൻ എന്നു പേരുള്ളവൻ, ഏകദാ-ഒരിക്കൽ, ഭൂമിയുടെ പൊട്ടുപോലെ ശോഭിക്കുന്ന ഈ അയോദ്ധ്യയിൽ പണ്ടു ദശരഥൻ എന്നൊരു രാജാവുണ്ടായി.

9. ഏഴു സാഗരമേഖല-ഏഴു സമുദ്രങ്ങളാകുന്ന മേഖല (അരഞ്ഞാണം) യോടുകൂടിയ, ഏഴകോഴകൾ-കുററങ്ങളും കുറവുകളും

10. സൂര്യപുത്രൻ-കാലൻ, ഉർവ്വീമണ്ഡലനായകൻ-രാജാവ്, (വീര്യശൗര്യപരാക്രമങ്ങളാൽ യമനെ ജയിച്ച ദശരഥൻ ലോകത്തിൽ സർവ്വസമ്പത്തുകളും വർദ്ധിപ്പിച്ചു)

11. അരിപ്പമായി-ഇല്ലാതായി, വെള്ളർ-സത്യവാന്മാർ, ധരിത്രി-ഭൂമി, ലോകാനാം-മനുഷ്യർക്ക്, (അക്കാലത്തു കള്ളരില്ലായിരുന്നു. സത്യവാന്മാർ ധാരാളമായിരുന്നു. ജനങ്ങൾക്കു ആധിവ്യാധികളും ഉണ്ടായിരുന്നില്ല]

12. സൗശീല്യം-നല്ല ശീലം. ശൈഥില്യം-ശിഥിലത, [സൗശീല്യാദി ഗുണങ്ങളാൽ കൗസല്യാദികൾ ധർമ്മത്തിനു കുറവു വരാതെ ആരുടെയും മനസ്സിളക്കമായിരുന്നു.]

13. അശ്വങ്ങൾ-കുതിരകൾ, അവനി-ഭൂമി, അശ്രാന്തം-ഇടവിടാതെ, വിശ്വദേവതാമോദം-വിശ്വദേ

വതകൾക്കുള്ള സന്തോഷം,[വസു, സത്യൻ, ക്രതു, ദക്ഷൻ, കാലൻ, കാമി, ധൃതി, കുരു, പുരൂരവസ്സ് ഇവർ വിശ്വദേവതമാരാണ്. [കീർത്തിശാലിയായ ആ രാജാവു ഭൂമിയിൽ കുതിരകളെ നടത്തി അശ്വമേധംകഴിച്ചു വിശ്വദേവതകളെ പ്രസാദിപ്പിച്ചു]

14. സന്തതം - എല്ലായ്പ്പോഴും,ജഗത്രയസന്തതം- മൂന്നുലോകത്തിനും സന്താനമായ (കല്പവൃക്ഷമായ) (ദശരഥമഹാരാജാവിനു സന്താനമില്ലാത്ത ദുഃഖമല്ലാതെ വേറെ ഒരു ചിന്തയും ഉണ്ടായിരുന്നില്ല) ജഗത്രയസന്താനത്തിന്, ഭൂപാലന് വിശേഷണ വിശേഷ്യങ്ങൾക്കു പ്രാചീനരീതിയിലുള്ള പൊരുത്തം.

15. ഖിന്നം - ദുഃഖമുണ്ടാകത്തക്കവിധത്തിൽ, സുതാർത്ഥി-സുതനിൽ (പുത്രൻ) ആഗ്രഹമുള്ളവൻ, അന്നമെന്നിയേ-അന്നംകൂടാതെ, (വിശക്കുന്നവന് ചോറില്ലാതെ കൗതുകമുണ്ടാകാത്തതുപോലെ സന്താനകാംക്ഷിയായ രാജാവിന് അന്യസമ്പൽസുഖങ്ങളിൽ കൗതുകമില്ലാതായി).

16. പുത്രപ്രാപ്തി - പുത്രലാഭം ഭദ്രമന്ത്രി-ശ്രേഷ്ഠനായ മന്ത്രി, പുത്രകാമേഷ്ടി-പുത്രനുണ്ടാകുന്നതിനുവേണ്ടിയുള്ള യാഗം, (പുത്രലാഭത്തിന് ഉപായമുണ്ടെന്നു സുമന്ത്രർ പറഞ്ഞതനുസരിച്ച് ഋശ്യശൃംഗമഹർഷി പുത്രകാമേഷ്ടി എന്ന യാഗം തുടങ്ങി).

17. ഹവ്യവാഹനകുണ്ഡം-അഗ്നികുണ്ഡം, ഹോമകുണ്ഡത്തിൽനിന്നും അപ്പോൾ ശ്രേഷ്ഠനായ ഒരു പുരുഷൻ ഉണ്ടായി കൈയിൽ ഇരുന്ന പായസം രാജാവിന്റെ കൈയിൽ വച്ചു മറഞ്ഞു).

18. അദ്ധിച്ച്-പകുത്ത്, അദ്ധമദ്ധം-പപ്പാതി, ബദ്ധമോദം - സന്തോഷത്തോടെ, (പായസം രാജാവു

കൈകേയിയ്ക്കും കൗസല്യയ്ക്കുമായി പകുത്തുകൊടുത്തു. അവർ തങ്ങൾക്കു കിട്ടിയതിൽ പകുതിവീതം സുമിത്രയ്ക്കും കൊടുത്തു. സന്തോഷത്തോടെ പായസം ഭക്ഷിച്ച് അവർ ഗർഭിണികളായിത്തീൎന്നു). കൊടുത്തതിനാലവർ എന്നതു കൊടുത്തതിനാലേവമെന്നു തിരുത്തണം.

19. മൂപ്പാരു് - മൂന്നുലോകം, എപ്പേരും-എല്ലാം, പത്മലോചനാഭാഗ്യം-കൗസല്യയുടെ ഭാഗ്യം, പത്മസംഭവൻ-ബ്രഹ്മാവു്, (മൂന്നുലോകങ്ങളേയും ഉള്ളിലടക്കിയിരിക്കുന്ന വിഷ്ണുവിനെ ഗർഭത്തിൽ വഹിയ്ക്കുന്ന കൗസല്യയുടെ ഭാഗ്യത്തെ ബ്രഹ്മാവിനുപോലും പുകഴ്ത്താൻ സാധിക്കുകയില്ല).

20. പൊന്മണികുംഭം-സ്വൎണ്ണക്കുടം, മൂന്നുലോകം പെററ-മൂന്നുലോകങ്ങളേയുംസൃഷ്ടിച്ച, ഹരിജന്മംകാണ്മാനെന്നപോലെ-വിഷ്ണുവിൻെറ ജനനം കാണുന്നതിനെന്നപോലെ, സ്വൎണ്ണകുംഭങ്ങൾപോലെയുള്ള കൗസല്യയുടെ കുചങ്ങൾ മൂന്നുലോകങ്ങളെയും സൃഷ്ടിച്ച വിഷ്ണുവിൻെറ ജനനം കാണുന്നതിനെന്നപോലെ താഴോട്ടു ചാഞ്ഞു).

21. ലോകരാവണരാവണഭീതി-ലോകരാവണനായ (ലോകത്തെ കരയിക്കുന്ന) രാവണനെക്കുറിച്ചുള്ള ഭയം, ജായമാനേ, ഹരൗ-വിഷ്ണു ജായമാനനായിരിക്കും വിഷയത്തിൽ, (ദുഷ്ടനായ രാവണനെ ഭയന്നു ദേവകൾ പരിഭ്രാന്തരായിരുന്നു എങ്കിലും വിഷ്ണു ജനിയ്ക്കാറായപ്പോൾ രാപകൽ എല്ലാവരും സന്തോഷിച്ചു മദിച്ചു).

22. വക്രവൃത്തികൾ-വക്രസ്ഥിതികൾ, (ബുധൻ, ശുക്രൻ, ചൊവ്വാ, വ്യാഴം, ശനി ഈ അഞ്ചുഗ്രഹങ്ങൾക്കു് പിന്നോട്ടുള്ള ഗതിക്കു വക്രഗതി എന്നു പറയുന്നു). പാട്ടം-എല്ലാം, വിക്രമിക്ക-അകലത്തിരിക്ക, (തോൽക്കാതെ ഇരിക്കുക), ഭദ്രരാശികൾ-ശ്രേഷ്ഠരാശികൾ, നവഗ്രഹം-സൂൎയ്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ,

ശനി, രാഹു, കേതു ഇവർ, രാശികൾ മേടം, ഇടവം, മിഥുനം, കക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം ഇവയാണ്). (ശ്രീരാമന്റെ ജനനകാലത്ത് താരാഗ്രഹങ്ങൾക്കു പ്രാബല്യമുണ്ടാകത്തക്ക സ്ഥിതിയിൽ നവഗ്രഹങ്ങൾ ഭദ്രരാശികളിൽ സ്ഥിതിചെയ്തു). ചെയ്തു അല്ല ചെയ്തു ആണ് വേണ്ടത്.

23. നാകഭേരികൾ-ദേവന്മാരുടെപെരുമ്പറകൾ, നാകനാരികൾ-ദേവസ്ത്രീകൾ, തോയരാശി-സമുദ്രം.

24. ഗഗനം-ആകാശം, അക്കൻ-സൂര്യൻ, സോമൻ-ചന്ദ്രൻ, ലക്ഷ്മി-ഐശ്വര്യം.

25. ശാന്തവിപ്രഗൃഹങ്ങൾ-സമാധാനത്തോടുകൂടിയ ബ്രാഹ്മണ ഗൃഹങ്ങൾ, പൂർവശാന്തങ്ങൾ-മുൻപു ശമിച്ചിരുന്നവ, കാന്താരേ- കാട്ടിൽ, ദ്വിപസിംഹാദിസത്വങ്ങൾ-ദ്വിപം (ആന) സിംഹം മുതലായ ജന്തുക്കൾ, ജാതിവൈരം-സ്വാഭാവികമായ വിരോധം.

26. സൂതികാലം-പ്രസവകാലം, പൂതിഗന്ധം-ദുൎഗ്ഗന്ധം, തദാ-അപ്പോൾ [കൗസല്യയുടെ പ്രസവകാലം അടുത്തു എന്ന് അറിയിക്കുന്നതിനെന്നപോലെ വായു ദുൎഗ്ഗന്ധം ഉപേക്ഷിച്ച് സുഗന്ധിയായി എല്ലായിടവും വീശിത്തുടങ്ങി

27. യാതുക്രൂരിരുൾ-രാക്ഷസന്മാരാകുന്ന ഇരുട്ട്. ലോകകൈരവബോധം-ലോകരാകുന്ന കൈരവങ്ങളുടെ (ആമ്പലുകളുടെ) ബോധം (വികാസം) കൗസല്യാദേവി പൂർവ്വാചലേ-കൗസല്യാദേവിയാകുന്ന പൂൎവ്വാചലത്തിൽ (ഉദയപർവ്വതത്തിൽ) രാക്ഷസരാകുന്ന ഇരുട്ടിനെ ഇല്ലാതാക്കുന്നതിനും ലോകരാകുന്ന ആമ്പലുകളെ വിടർത്തുന്നതിനും രാമനാകുന്ന ചന്ദ്രൻ കൗസല്യയാകുന്ന ഉദയപൎവ്വതത്തിൽ വന്നുദിച്ചു) രൂപകാലങ്കാരം.

28. രാമചന്ദ്രാ (രാമചന്ദ്രനെ, ശത്രുഘ്നനാമാനം-ശത്രുഘ്നനെന്ന പേരോടുകൂടിയവനെ.

29. അക്കൻ മേടത്തിൽ, സൂര്യൻ മേടം രാശിയിൽ, വ്യാഴവും ചന്ദ്രനും കക്കടകത്തിൽ, അക്കപുത്രൻ-ശനി, തുലാത്തിൽ, ഭാർഗ്ഗവൻ-ശുക്രൻ, ചൊവ്വായേ ഇവിടെ പറഞ്ഞിട്ടില്ലെങ്കിലും മകരത്തിൽ ചൊവ്വാ നില്ക്കുന്നു എന്നു അടുത്ത പദ്യംകൊണ്ടു മനസ്സിലാക്കണം.

30. സൂര്യൻ, ചൊവ്വാ, ബുധൻ, ശുക്രൻ വ്യാഴം ഇവ ഉച്ചസ്ഥരായിരുന്നു, പഞ്ചമഹായോഗം-രുചകം, ഭദ്രം, ഹംസം, മാളവ്യം, ശശം, എന്നീ അഞ്ചു മഹാപുരുഷ യോഗങ്ങളുമുണ്ട്.

ബലം ഐശ്വര്യം മുതലായവ രുചകയോഗത്താലും ശൂരത അഭിമാനം മുതലായവഭദ്രയോഗത്താലും സൌന്ദര്യം സുഖം മുതലായവ ഹംസയോഗത്താലും സമ്പത്ത് തേജസ്സ് മുതലായവ മാളവി യോഗത്താലും അരണ്യവാസം രാജത്വം മുതലായവ ശശയോഗത്താലും ഉണ്ടാകുന്നു. ആയിരം ചാന്ദ്രമാസം മുഴുവൻ സുഖിയായും ധനവാനായും ജയശീലനായും ജീവിച്ചിരിക്കാൻ കേസരി യോഗം വേണംപോലും.

31. ദൃഷ്ടി-ഏഴാം ഭാവം, കളത്രം-ഭാര്യ, (ഏഴാം ഭാവത്തിൽ ചൊവ്വാ നിന്നതുകൊണ്ടു ഭാര്യനിമിത്തം ദുഃഖമുണ്ടാകണം) കണ്ടകസ്ഥനി-നാലിലെശനി, (നാലിൽ ശനി നിന്നതുകൊണ്ടു കാട്ടിൽ മനഃപീഡയോടുകൂടി വാഴണം.

32. പുത്രകാരകൻ-വ്യാഴം, ഉച്ചസ്ഥൻ-കക്കടകത്തിൽ നില്ക്കുന്നവൻ, ഭാസ്കരൻ-സൂര്യൻ.

33. പുണ്യലോകായ-പുണ്യലോകത്തിനായിട്ട് പരിശുദ്ധ ലോകമെന്നും സ്വർഗ്ഗമെന്നും) ഭൂതി-ഐശ്വ

ശ്ച്യം, (പുത്രനുണ്ടായ സന്തോഷംകൊണ്ടു രാജാവു് പുണ്യലോകത്തിനു സ്വത്തു മുഴുവൻ കൊടുത്തതിനാൽ രാജചിഹ്നങ്ങളായ ആലവട്ടം, കുട, തഴ ഇവ മാത്രം ശേഷിച്ചു.

34. ദന്തങ്ങൾ-കൊമ്പുകൾ, മാഹേന്ദ്രമാം, വാരണം-മഹേന്ദ്രനെ (ഇന്ദ്രനെ) സംബന്ധിച്ച ആന, ഐരാവതം.

35. ഗോവിന്ദൻ-ഭൂമിയെ രക്ഷിച്ചവൻ, ജാനകീ......രൂപം-ജാനകിയുടെ (സീതയുടെ) നയനത്തിനു് (കണ്ണിനു്) അമൃതഭാജനമായ (അമൃതപാത്രമായ രൂപം)

മൂന്നാം വൃത്തം.

1. കമലദളലോചനം-താമരപ്പൂവിൻെറ ഇതൾപോലെയുള്ള കണ്ണു്, അമലകരപാദതലം-അമലങ്ങളായ (നിർമ്മലങ്ങൾ) കരതലങ്ങളും പാദതലങ്ങളും, അസകലകളാക്ഷരം-അസകലങ്ങളായ (അസമ്പൂർണ്ണങ്ങളായ) കളാക്ഷരങ്ങൾ (മധുരാക്ഷരങ്ങൾ) ഗീരുകൾ-വാക്കുകൾ, അതിവിശദ ദന്തരുചി-അതിവിശദങ്ങളായ(വെളുത്ത) ദന്തങ്ങളുടെ (പല്ലുകളുടെ) രുചി (ശോഭ) മൃദുഹസിതം-പുഞ്ചിരി, ആനനം-മുഖം (ശ്രീരാമൻെറ താമരയിതളുപോലെയുള്ള കണ്ണുകളും അചലങ്ങളായ കൈകാലുകളും അസ്ഫുടങ്ങളും മനോഹരങ്ങളുമായ വാക്കുകളും ദന്തകാന്തിയോടും പുഞ്ചിരിയോടുംകൂടിയ മുഖവും എൻെറ മനസ്സിൽ എപ്പോഴും തോന്നണം.

2. ത്രിഭിഃ-മൂന്നു്, അവരജൈഃ-അവരജന്മാരോടും (സഹോദരരോടും) അമലയശസാ-പരിശുദ്ധമായ

കീർത്തിയോടും, സഹ-കൂടെ, അഖിലജനനയനമോദക രൻ-എല്ലാ ജനങ്ങളുടെയും കണ്ണുകൾക്ക് ആനന്ദത്തെ കൊടുക്കുന്നവൻ, ദാശരഥി-ദശരഥപുത്രൻ (ശ്രീരാമൻ) പ്രതിപദുഡുനാഥഃ-പ്രതിപദത്തിലെ ഉഡുനാഥൻ(ചന്ദ്രൻ) ഇവ-പോലെ, തദനു-അതിന്റെ ശേഷം, സപദി, വവൃധേ-പെട്ടെന്നു വളർന്നു. വിപുലഗുണങ്ങൾ-വിസ്തൃതഗുണങ്ങൾ, (എല്ലാ ജനങ്ങളുടേയും കണ്ണുകൾക്കു സന്തോഷത്തെ ഉണ്ടാക്കുന്നവനും ഗുണവാനുമായ ശ്രീരാമൻ തന്റെ മൂന്നു സഹോദരന്മാരോടും കീർത്തിയോടുംകൂടി പ്രതിപദത്തിലെ ചന്ദ്രനെന്നപോലെ വേഗം വളർന്നുവന്നു.)

3. നാലുനിജ ചെറിയചില എന്നതു നാലുതിരം പെരിയ നിജ എന്നു തിരുത്തേണ്ടതാണ് എന്നു തോന്നുന്നു. നാലു......കർ-ശക്തി വർദ്ധിച്ച തന്റെ നാലു പുത്രന്മാർ, ഉയലുക-ഉണ്ടാക്കുക, ലീലകൾ-കളികൾ, മുദി...മണി-സന്തുഷ്ടനായ രാജശ്രേഷ്ഠൻ, നിജ...കാലം-തന്റെ സ്വന്തം യുവതിയായ ഭാര്യയുടെ കുചാശ്ലേഷം അനുഭവിച്ചു സുഖിച്ചിരുന്ന കാലം, അഥ-അനന്തരം, കുശികസുതൻ-വിശ്വാമിത്രൻ, നിജപുരിയിൽ മാലകന്നു വാണിരുന്ന എന്നാക്കുന്നതു നന്ന്. (രാജാവു തന്റെ നാലു പുത്രന്മാരുടെ കളികളിൽ ലയിച്ച് സ്വപുരിയിൽവാണകാലത്തു വിശ്വാമിത്രൻ അവിടെ എത്തി.)

4. നാല............ഗളം-നാല് ഉദധികൾ (സമുദ്രങ്ങൾ) ആകുന്ന വസനങ്ങളോടു (വസ്ത്രങ്ങൾ) കൂടിയ ഭൂവിന്റെ (ഭൂമി) പതികളുടെ (രാജാക്കന്മാർ) മകുടത്തിലെ (കിരീടങ്ങൾ) മാലകൊണ്ടു പരിലസിതമായ (ശോഭിക്കുന്ന) പദകമലയുഗളത്തോടു (പാദപത്മദ്വയം) കൂടിയ തവ-അങ്ങയുടെ, ബാലകനെ-ശ്രീരാമനെ, യാഗക്രിയ ക

ഴിച്ചുകൊടുക്കുവാൻ-യാഗംകഴിക്കുന്നതിന്, ആലംബനം-ആശ്രയം (രാജാക്കന്മാരുടെ ശിരസ്സിലെ മാലകൾകൊണ്ടു ശോഭിക്കുന്ന പാദങ്ങളോടുകൂടിയ അങ്ങയുടെ മകനായ ശ്രീരാമനെ എന്റെ യാഗം നിർവിഘ്നമായി നിർവ്വഹിക്കുന്നതിനു തരിക വേറെ എനിക്ക് ആശ്രയമില്ല).

5. മുനിപ്രവര!, കുശികസുത - മുനിശ്രേഷ്ഠനായ വിശ്വാമിത്രാ, സമസ്ത..........എല്ലാ കർമ്മത്തിനും ശത്രുക്കളായവർ, ഹവനരക്ഷ - യാഗരക്ഷ, വയം-നാം (ഹേ! മുനിശ്രേഷ്ഠാ! എന്റെ പുത്രൻ ചെറുപ്പമാണ് അവനെ പിരിയുക വിഷമം. നാംതന്നെ വന്ന് യാഗവിഘ്നകാരികളായ രാക്ഷസന്മാരെ വധിക്കുന്നുണ്ട്.

6. തവ-അങ്ങയുടെ, ജഗത്രിതയപരമഗുരു-മൂന്നു ലോകത്തിലേക്കും വലിയവൻ, അസൃക്പവനമഹൽപാവകൻ- അസൃക്പന്മാരാകുന്ന (രാക്ഷസന്മാർ) വനത്തിനു പാവകൻ (അഗ്നി) ആയിട്ടുള്ളവൻ, വികല്പം-സംശയം, അസൃക് രക്തം. ഹേ! രാജാവേ അങ്ങയുടെ മകനു ചെറുപ്പമല്ല മൂന്നുലോകത്തിലേക്കും വലിയവനായ അദ്ദേഹത്തിന്റെ വലിപ്പം എത്രയെന്നു അറിഞ്ഞവരില്ല. വിസ്തൃതമായ രാക്ഷസവംശത്തിന് അവൻ അഗ്നിയാണ് യാതൊരു സംശയവുമില്ല).

7. നൃപതിമണി - രാജശ്രേഷ്ഠൻ, വസിഷ്ഠമുനിവചനം-വസിഷ്ഠമഹർഷിയുടെ വാക്ക്.

8. ലോകത്രയകൃതസുകൃതപൂരം- മൂന്നുലോകങ്ങളും ചെയ്തിരിക്കുന്ന പുണ്യങ്ങളുടെ കൂട്ടം, തരുണത- താരുണ്യം (പൂർണ്ണത) ആപത്രയനികരം-ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം എന്ന മൂന്ന് ആപത്തുകൾ (മൂന്നുലോകങ്ങളും സമ്പാദിച്ചിരിക്കുന്ന പുണ്യങ്ങൾ പരിപാകാവസ്ഥയെ പ്രാപിച്ച രൂപംപൂണ്ട ശ്രീരാമ

ൻ വിശ്വാമിത്രനോടൊന്നിച്ചു പുറപ്പെട്ടപ്പോൾ ലോകത്തിലെ മൂന്നുവിധ ദുഃഖങ്ങളും പോയിത്തുടങ്ങി).

9. ആത്തമോദം - വദ്ധിച്ച സന്തോഷത്തോടെ, കലചില-കലവില്ല്, ഉദിതധൃതി-ഉദിച്ച ധൈയ്യത്തോടെ, നൃപതനയർ-രാജപുത്രർ.

10. മന്ത്രയുഗളം-മന്ത്രദ്വയം, നിനദം-ശബ്ദം, അലകുലക്-വലിയ പരിഭ്രമം.

11. കരചരണയുഗം-ഈരണ്ടു കൈകാലുകൾ (ഒരു പവ്വതം കൈകാലുകളോടുകൂടി വരുന്നതുപോലെ ഇതാ താടക വരുന്നു. വേഗത്തിൽ ശരം തൊടുക്കുക എന്നു പറഞ്ഞു).

12. പദക്രമണം - കാൽവയ്പ്, ധരണീതലം-ഭൂതലം.

13. മൃഗപടലി-മൃഗക്കൂട്ടം, ദിശി-ദിക്കിൽ, തരുനികരം-വൃക്ഷസമൂഹം, ഉരസി-മാറിൽ, (താടകയുടെ വീണ മുലകൾകൊണ്ടുള്ള അടിയേററ് മൃഗങ്ങൾ ഓരോ ദിക്കിലേക്ക് ഓടി വൃക്ഷങ്ങൾ ചാഞ്ഞു അവൾ പാഞ്ഞുവന്നു തിന്നുന്നതിനു മുൻപ് മാറിടത്തെ ലക്ഷ്യമാക്കി ശരം അയക്കുക).

14. ദുഷ്ടവധം-ദുഷ്ടന്മാരുടെ കൊല, അഗസ്ത്യശാപത്താൽ രാക്ഷസിയായിത്തീന്ന സുകേതുഭായ്യയാണ് താടക).

15. അസുരസുതദീർഘജിഹ്വാ -ദീർഘജിഹ്വായെന്ന അസുരപുത്രി, വാസവൻ-ഇന്ദ്രൻ, നിഹതയായി-കൊല്ലപ്പെട്ടു, അനിന്ദ്രമാകാൻ-ഇന്ദ്രനോടുകൂടാത്തതാക്കാൻ, വാസുദേവൻ-വിഷ്ണു, കഴിച്ചു-കൊന്നു, ദീർഘജിഹ്വാവിരോചനപുത്രിയാണ്, ഭൃഗുപത്നിശുക്രൻെറ മാതാവാണ്,

16. മൂർത്തിവര-ത്രിമൂർത്തികളിൽ ശ്രേഷ്ഠാ, പരശ്ശു-മഴു, ഭാർഗ്ഗവൻ-പരശ്ശുരാമൻ, ധാത്രി-മാതാവ്, ഹൃദി-മനസ്സിൽ.

17. നിണം-രക്തം, രജനിചരി-രാക്ഷസി, മനുതിലക-മനുവംശശ്രേഷ്ഠാ.

18. അർത്ഥം സ്പഷ്ടം.

19. ബുദ്ധിമതി രഘുവരനിൽ--ബുദ്ധിമാനായ ശ്രീരാമനിൽ, ഉദ്ധതർ-അഹങ്കാരികൾ.

20. നീലജലധരപടലി-നീലജലധരങ്ങളുടെ (കാർമേഘങ്ങളുടെ) കൂട്ടം, നിശിചരനിവഹം-രാക്ഷസക്കൂട്ടം, നാലുദിശി-നാലുദിക്കിലും, (വിശ്വാമിത്രന്റെ യാഗസ്ഥലത്തിനു മുകളിൽ കാർമേഘക്കൂട്ടംപോലെ രാക്ഷസന്മാർ വന്നു നിറഞ്ഞു. രാമന്റെ ശരങ്ങളേററ് അവർ നാലുപാടും പാഞ്ഞുപോയി)

21. ബാഹുബലം-കൈയ്യൂക്ക്, സുബാഹു-താടകാപുത്രനായ രാക്ഷസൻ, രാമ.....ളൻ-രാമശരത്താൽ പിളക്കപ്പെട്ട കഴുത്തോടുകൂടിയവൻ, ഉത്തുംഗതനു-ഉയൎന്ന ശരീരമുള്ളവൻ, മരണമെത്തുമാറ്-മരണം വരുമാറ്.

32. ചാരു...മുഖി-പുഞ്ചിരികൊണ്ടു മനോഹരമായ മുഖത്തോടുകൂടിയ, അരിയ-ശ്രേഷ്ഠനായ (ശാപത്താൽ കല്ലായിക്കിടന്ന അഹല്യക്ക ശ്രീരാമൻ കാൽ വച്ചു ശാപമോക്ഷം കൊടുത്തു)

23. വാച്ചു-വർദ്ധിച്ചു, മുനിപടലി-മുനിക്കൂട്ടം, ഉപരി-മേൽഭാഗത്തു്, ആത്തമോദം-സന്തോഷത്തോടെ താക്കി-അടിച്ചു, ചെവികൊണ്ടു-കേട്ടു, (വെറും കല്ല് അഹല്യയായിത്തീൎന്നതുകണ്ടു മുനിമാർ കൈക്കൂപ്പിയ അ

വസരത്തിൽ മേൽഭാഗത്തു ദേവന്മാർ പെരുമ്പറയടിച്ചു വാഴ്ത്തി ഇതുകേട്ട ശ്രീരാമാ ജയിച്ചാലും)

24. മിഥില-ജനകരാജധാനി, സകലവരനൃപസമക്ഷം-എല്ലാ രാജശ്രേഷ്ഠന്മാരുടെയും മുമ്പിൽവച്ചു് പുരഹരൻ-പരമശിവൻ, പുരഹരൻെറ വില്ല്-ത്രൈയംബകം, ജനകദുഹിതൃകരപരിഗ്രഹണം-ജനകദുഹിതാവിൻെറ (സീതയുടെ) കരപരിഗ്രഹണം (പാണിഗ്രഹണം) വിനിർഗ്ഗമിച്ചു-പുറപ്പെട്ടു.

25. ഘോരവരസമരങ്ങൾ-ഭയങ്കരങ്ങളും ശ്രേഷ്ഠങ്ങളുമായ യുദ്ധങ്ങൾ, മുടിക്ഷത്രിയർ-രാജാക്കന്മാർ മുനിപ്പെരുമാൾ-മഹർഷിമുഖ്യൻ, (കാർത്തവീര്യാർജ്ജുനൻ ഭൃഗുവിനെ നിഗ്രഹിക്കുകനിമിത്തം പരശുരാമൻ 21 വട്ടം ക്ഷത്രിയന്മാരെ നിഗ്രഹിച്ചു)

26. പുരത്രയം-താരകപുത്രന്മാൎക്കു മയൻ നിൎമ്മിച്ചുകൊടുത്ത മൂന്നു പുരങ്ങൾ, പൊരിച്ചു-ദഹിപ്പിച്ച (പുരവൈരിയായ പരമശിവൻെറ വില്ലൊടിച്ച നിൻെറ കൈയൊടിക്കുന്നുണ്ടെന്നു പറഞ്ഞു അടുത്ത പരശുരാമൻെറ തീക്കട്ടപോലെ മിഴിച്ചിരിക്കുന്ന കണ്ണുകൾ കണ്ടു സൈന്യങ്ങൾ ഓടിപ്പോയി)

27. ജഗൽപവിത്രതരപുരുഷർ - ലോകത്തിലെ പരിശുദ്ധന്മാരായ രണ്ടുപുരുഷന്മാർ (ശ്രീരാമപരശുരാമന്മാർ) അടലിൽ-യുദ്ധത്തിൽ, രവിപ്രഭ-സൂൎയ്യപ്രകാശം ജനനയനങ്ങൾ-മനുഷ്യരുടെ കണ്ണുകൾ, പതപ്പിൽ-കോപത്തോടെ, കുലചില-കുലവില്ല്, (കാണികൾക്കു പരിഭ്രമമുണ്ടാകത്തക്ക വിധത്തിൽ പരശുരാമൻ ശ്രീരാമനെ വിളിച്ചു തൻെറ വില്ലുകൊടുത്തു തൊടുക്കുന്നതിനു് ആവശ്യപ്പെട്ടു)

28. ഉദിച്ചരുചി-ഉണ്ടായ ശോഭ (സ്പഷ്ടം)
29. (സ്പഷ്ടം) എങ്ങൾ-ഞങ്ങൾ.

നാലാം വൃത്തം.

1. സുരപുരി-സ്വൎഗ്ഗം, നിജപുരിയിൽ-സ്വന്തം പട്ടണത്തിൽ, പുക്ക്-പൂകി [പ്രാപിച്ച്] തരുണിമാർ മണിമകുട-തരുണിമാൎക്ക് മണിമകുടമായിട്ടുള്ളവൾ[സ്ത്രീരത്നം] നംബോ-ഞാൻനമസ്കരിക്കുന്നു (ഈ പദം പ്രാകൃതമാണ്.)

2. ജനകൻ, ഭരതലക്ഷ്മണശത്രുഘ്നന്മാൎക്കു മാണ്ഡവി, ഉൎമ്മിള, ശ്രുതകീൎത്തി ഇവരെ വിവാഹം ചെയ്തുകൊടുത്തു.

3. ലക്ഷ്മണാനുജൻ-ശത്രുഘ്നൻ, മാതുലഭവനത്തിൽ-അമ്മാവന്റെ ഗൃഹത്തിൽ, ലക്ഷ്മണശത്രുഘ്നന്മാരെ കേകയരാജ്യത്തേക്ക് അയച്ചിട്ടു താമസിക്കുന്നോ രാജാവു മനസ്സന്തോഷത്തോടുകൂടി ഓരോന്നു ആലോചിച്ചു.

4. മനസി—മനസ്സിൽ, കല്പിച്ചു—വിചാരിച്ചുറച്ചു, (ലോകൎക്കു ശ്രീരാമനിൽ പ്രീതി വൎദ്ധിച്ചുവരുന്നതുകണ്ടു് അദ്ദേഹത്തെയുവരാജാവായി അഭിഷേകംചെയ്‌വാൻ രാജാവുറച്ചു).

5. ദശരഥാത്മജവരൻ—ശ്രീരാമൻ,ദിശിദിശിദിക്കുകൾതോറും.

6. സൗഷ്ഠവമായി-ഭംഗിയായി, അധിഷ്ഠാപനം-അടിസ്ഥാനം, കനിഷ്ഠമാതാവ് - ചെറിയമ്മ, (കൈകേയി).

7. വിപിനേ-കാട്ടിൽ, പണ്ട്-സുരാസുരയുദ്ധകാലത്ത് (ശംബരനുമായി യുദ്ധംചെയ്ത് മോഹിച്ചപ്പോൾ തന്നെ സഹായിച്ച കൈകേയിക്ക് രണ്ടു വരങ്ങൾ കൊടുക്കാമെന്നു രാജാവു പണ്ടു പറഞ്ഞിട്ടുണ്ടായിരുന്നു).

8. അസുരർ ശസ്ത്രങ്ങൾ-അസുരന്മാരുടെ അസ്ത്രങ്ങൾ, രമണീവാഗസ്ത്രം-കൈകേയിയുടെ വാക്കുകളാകുന്ന അസ്ത്രങ്ങൾ, (അസുരശസ്ത്രങ്ങൾ അദ്ദേഹത്തിലേററപ്പോൾ ഉണ്ടായതിൽ കൂടുതലായ സങ്കടം കൈകേയിയുടെ വാക്കുകളാകുന്ന അസ്ത്രങ്ങൾ ശരീരത്തിൽവന്നേററപ്പോൾ ഉണ്ടായി മോഹിച്ചു താഴെവീണു).

9. കൊടുംക്രൂരേ - വലിയദുഷ്ടേ, കൊടുവചനം-കഠിനവാക്ക്, യമപുരി - കാലപുരി, ദൈതേ - ദയിതേ (ഭാര്യേ).

10. കാലുഷത-കാലുഷ്യം (സങ്കടം), പരമതാതൻ-ശ്രേഷ്ഠപിതാവ്, ചരണം-പാദം.

11. ഭരതമൂർദ്ധാവിൽ-ഭരതൻെറ തലയിൽ, അവനിപാലലാലനഭാരം- രാജ്യഭരണമാകുന്ന കഠിനഭാരം, വിന്യസിക്ക-വയ്ക്കുക, അനുമന്യേ-ഞാൻ വിചാരിക്കുന്നു (വളരെ പ്രയാസമുള്ള രാജ്യപരിപാലനകൃത്യം ഭരതനെ ഏല്പിച്ചതുകൊണ്ട് പിതാവിന് എന്നോടു കൂടുതൽ തിരുവുള്ളമുണ്ടെന്നു ഞാൻ ഊഹിക്കുന്നു).

12. ചിത്തമലർ-മനസ്സ്, പരചിൽകാതൽ-പരബ്രഹ്മസ്വരൂപം, (സുഖദുഃഖങ്ങൾ ഉണ്ടാകുമ്പോൾ ഇളക്കംകൂടാതെ പരബ്രഹ്മത്തെത്തന്നെ ധ്യാനിച്ചിരിക്കണം) രാജ്യലാഭമോർത്തു സന്തോഷമോ വനവാസമോർത്തു സങ്കടമോ ശ്രീരാമനുണ്ടായില്ല.

13. വനിതാലക്ഷ്മണസഹിതൻ - വനിതയോടും (സീതയോടും) ലക്ഷ്മണനോടുംകൂടിയവൻ.

14. മണികിരീടം-രത്നകിരീടം, മകരകുണ്ഡലം-മകരാകൃതിയിലുള്ള കുണ്ഡലം (കർണ്ണാഭരണം), വനമാല-വന്യപുഷ്പങ്ങളെകൊണ്ടുള്ള മാല, പാദകമലം-അടിമലർ, മലർമാതു-ലക്ഷ്മീദേവി.

15. മരതകക്കല്ല്-പച്ചരത്നം, കരുതുക-വിചാരിക്കുക, കരുണാവാരിധേ-കരുണയ്ക്കിരിപ്പിടമായവനേ.

അഞ്ചാം വൃത്തം.

1. കല്യാണരൂപി-മംഗളസ്വരൂപി, കല്യാണിനീദേവി-കല്യാണിനിയായ (ഭാഗ്യവതി) ദേവി (സീത) സീത-ഉഴവുചാലിൽനിന്നും ഉണ്ടായവൾ (യാഗഭൂമി ഉഴുത അവസരത്തിൽ ജനകമഹാരാജാവിനു ലഭിച്ചതുകൊണ്ടാണ് ഈ പേർ സിദ്ധിച്ചതു്. സിത-ഉഴവുചാൽ

2. മോദേന-സന്തോഷത്തോടെ, സീതാം-സീതയെ, കോദണ്ഡധാരീ-കോദണ്ഡം (വില്ലു) ധരിച്ചവൻ സമാലോക്യ-കണ്ടിട്ടു്, വൈദഗ്ദ്ധ്യശാലി-വൈദഗ്ദ്ധ്യം (സാമർത്ഥ്യ) കൊണ്ടു ശോഭിക്കുന്നവൻ, രമേശൻ-വിഷ്ണു [ശ്രീരാമൻ] വൈദേഹി-വിദേഹരാജാവായ ജനകന്റെ പുത്രി, സീത.

3. കാന്താരവിന്ദായതാക്ഷി-കാന്തങ്ങളായ [മനോഹരങ്ങളായ] അരവിന്ദങ്ങൾ പോലെ [താമരപ്പൂ] ആയതങ്ങളായ (ദീർഘങ്ങൾ) അക്ഷികളോടുകൂടിയവളേ, കാന്താരവാസം-കാട്ടിലെ താമസം, ശാന്തേ-സമാധാനമുള്ളവളേ, താതപാദം-പിതാവിന്റെ പാദം.

4. വൈദേഹി-സീതേ, പൈദാഹശാന്തി-വിശപ്പ്, ദാഹം ഇവയുടെ ശമനം, പാദവ്യഥ--കാലിന്ന വേദന.

5. വ്യാളങ്ങൾ-സപ്പങ്ങൾ, സാലാവൃകദ്വീപിവൃന്ദം-സാലാവൃകങ്ങളുടെയും (ചെന്നായ്) ദ്വീപികളുടേയും (പുലി) കൂട്ടം, വ്യാളീതരക്ഷുക്കൾ--വ്യാളികളും (സങ്കല്പസൃഷ്ടമായ ഒരു ജന്തു) തരക്ഷുക്കളും (പുള്ളിപ്പുലി) കാളുന്ന തീ-കത്തുന്നതീ, നീലാരവിന്ദാക്ഷി--നീലത്താമരപോലെയുള്ള കണ്ണുള്ളവളേ,

6. എന്നാൎയ്യപുത്രൻ--എൻെറ ഭത്താവ്, ആൎയ്യപുത്രൻ എന്നതു ഭത്താവിനെ സംബോധനം ചെയ്യുന്ന ഒരു പദമാണ്. പുരീവാസം--നഗരവാസം, എന്നാൾ--എന്നുപറഞ്ഞു.

7. സൌഭ്രാത്രം--സാഹോദൎയ്യം, സൗമിത്രി--സുമിത്രാപുത്രൻ, (ലക്ഷ്മണൻ) സൌമിത്രിമാതാവ്=സൗമിത്രിയുടെ (ലക്ഷ്മണൻെറ) അമ്മ.

8. അച്ഛാ=ആശ്ചൎയ്യം, നിനക്ക് അച്ഛൻ ഇന്നു ശ്രീരാമചന്ദ്രനാണ്. (അഛനെപ്പോലെ വിചാരിക്കണം) സീതയാണു മാതാവ് (അവളെ അമ്മയെപ്പോലെ കരുതണം) നീ പോകാനാഗ്രഹിക്കുന്ന കാടു അയോദ്ധ്യയാണ് (കാട് അയോദ്ധ്യയെന്ന് ഓക്കണം) ഈ വിചാരത്തോടുകൂടി പോകുക.

നിനക്ക് അച്ഛൻ ശ്രീരാമചന്ദ്രനാണ് (മഹാവിഷ്ണു) അദ്ദേഹം ലോകത്തിൻെറ ആകെയുള്ള പിതാവാണല്ലൊ. സീത പരയായ (ശ്രേഷ്ഠയായ) മാതാവാണ്. (ലോകമാതാവെന്നത്ഥം) നീ ആഗ്രഹിക്കുന്ന കാട് അയോദ്ധ്യയാണ് [സാക്ഷാൽ വൈകുണ്ഠമാണ്) ഈ വിചാരത്തോടുകൂടി വേണം പോകാൻ.

രാമം ദശരഥം വിദ്ധി
മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി
ഗച്ഛപുത്ര യഥാസുഖം—എന്ന പ്രസിദ്ധപദ്യത്തിൻെറ ഭാഷാന്തരമാണിതു്.

9. ഗാഢം-ദൃഢമായി, ആബാലവൃദ്ധം=ബാലന്മാർ തുടങ്ങി വൃദ്ധന്മാർ വരെ, തീരേ, സരയ്വാ=സരയൂനദിയുടെ തീരത്തുകൂടി. (ആബാലവൃദ്ധം ജനങ്ങൾ കണ്ണീർ വർഷിച്ചുകൊണ്ടു സരയുവിൻെറ തീരത്തുകൂടി പുറപ്പെട്ടു അവരെ തടുത്തുനിറുത്തി)

10. നാരീ......ചിത്തം=സ്ത്രീരത്നമായ കൈകേയിയുടെ ഹൃദയം. പാരിത്തകം=ലോകത്തിലുള്ള, കാരിരുമ്പു്=കാരിരുമ്പു്, രാമാനനം=ശ്രീരാമൻെറ മുഖം, ശൈഥില്യമാകാത്തു=ശിഥിലമാകാതിരിക്കും, കാവ്യലിംഗമലങ്കാരം.

11. മഹാത്മൻ-ഹേ മഹാത്മാവേ!, കുനീഗിരം-കുനിയുടെ (മന്ഥരയുടെ) ഗീരിനെ (വാക്കിനെ), മാനിച്ചു്=അഭിമാനത്തോടുകൂടി, വാചാ=വാക്കിനാൽ, ദീന......താജ്ഞാ=ദീനനായ താതൻെറ ആജ്ഞ, മാനിക്കവേണ്ടീല-മാനിക്കേണ്ട.

12. കാണിക്ഷണം-അല്പനേരം, അസ്മാൻ-ഞങ്ങളെ.

13. പാരിച്ച=വർദ്ധിച്ച, ചാരുസ്മിതം-പുഞ്ചിരി, ശ്രീരാമചന്ദ്രഃ, അപി-ശ്രീരാമചന്ദ്രനും. (പിതാവു കണ്ണുനീർ വർഷിച്ചുകൊണ്ടു നില്ക്കെ ശ്രീരാമൻ അദ്ദേഹത്തെ വന്ദിച്ചിട്ടുപോയി]

14. ഭൂയോപി ഭൂയോപി-വീണ്ടുംവീണ്ടും, വാമാക്ഷി-സുന്ദരി, വാമം=മനോഹരം, പ്രാഥമ്യമായി-ആദ്യ

മായി, (കരയാത്ത രാമൻ സീതയുടെ വാക്കുകൾകേട്ടു കരഞ്ഞു).

15. രാമാംഘ്രി - രാമപാദം, പാഷാണം - കല്ല്, സ്ത്രീരൂപമായ്-അഹല്യയായി, ന സസ്മാര-സ്മരിച്ചില്ല, പാഥവ്യഥാം-പാദവ്യഥയെ, വ്യഥ-വേദന, സഞ്ചാരഖിന്നം അപി-സഞ്ചാരംകൊണ്ടു ദുഃഖിതമായിരുന്നിട്ടും, (സഞ്ചാരാംകൊണ്ടു ദുഖിതയാണെങ്കിലും സീത പാഥവ്യഥ സഹിക്കാതെയിരുന്നതു് രാമപദം തട്ടുന്ന കല്ലുപോലും സ്ത്രീരൂപമായിത്തീരുമെന്നുള്ള വിചാരംകൊണ്ടായിരിക്കാം).

16. സംഗം-സ്നേഹം, ഇംഗുദീശാഖിമൂലേ-ഓടൽ മരത്തിൻെറ ചുവട്ടിൽ, പർണ്ണാലയം-ആശ്രമം, (ഗുഹൻ നിഷാദരാജാവാണു്. ശ്രീരാമാദികളെ ഗംഗ കടത്തിവിട്ടതു് ഇവനാണു്.)

17. അംഗാരനേത്രൻ-ശിവൻ, അംഗാരം-തീക്കനൽ, ശൃംഗാരമാലാം, ഗംഗാം-ശൃംഗാരമാലയായ ഗംഗയെ, ജഡാവല്ക്കലത്തെ-ജഡയേയും മരവുരിയേയും, മഹാഭശാഭിരാമൗ-വളരെ ശോഭയുള്ള രാമലക്ഷ്മണന്മാർ.

18. മിത്രപ്രഭാവൻ-സൂര്യപ്രകാശൻ, (ശ്രീരാമൻ) ഭരദ്വാജവാചാ-ഭരദ്വാജമഹർഷിയുടെ വാക്കനുസരിച്ചു, ചിത്രാലയേ-ചിത്രകൂടപർവ്വതത്തിൽ, പർണ്ണശാലാകുടീരേ-ആശ്രമകുടീരത്തിൽ, മിത്രത്രയത്തെ -മൂന്നുമിത്രങ്ങളെ, (സീത, ലക്ഷ്മണൻ, വാല്മീകി ഇവരെ, ഭദ്രാൽ-ശ്രേഷ്ഠരായ, മിത്രത്രയത്തിൻെറ വിശേഷണം. വ്യാകരണം എന്തു പറയുമോ?

19. ഗാരാന്ന............മേതേ-ശോഭയുള്ള ലക്ഷ്മണനോടും സീതയോടുംകൂടിയവനായ, ശ്രീരാമചന്ദ്രേ-ശ്രീരാമചന്ദ്രൻ, ചിത്രകൂടം ഗതേ-ചിത്രകൂടത്തെ ഗത

നായിരിക്കും വിഷയത്തിങ്കൽ, ശ്രീരാമതാതന്ന്-ദശരഥ ന്. (രാമലക്ഷ്മണന്മാർ സീതാസമേതരായി ചിത്രകൂട ത്തിൽ എത്തിയ വൃത്താന്തം സുമന്ത്രരിൽനിന്ന് അറി ഞ്ഞ ദശരഥൻ അത്യന്തം ദുഃഖിച്ചു).

20. പുത്രാർത്തി-പുത്രദുഃഖം, രാമാനുജൻ-ഭരതൻ, ശ്രുത്വാവാ-കേട്ടു, ശത്രുഘ്നനാമാപി-ശത്രുഘ്നനും, കേട്ടു, മാ തൃഗേഹേ-മാതൃഗൃഹത്തിൽവച്ച് (പുത്രദുഃഖംനിമിത്തം ദശരഥൻ മരിച്ചുപോയി എന്നുള്ള വൃത്താന്തം മാതൃഗേ ഹത്തിൽവച്ചുതന്നെ ഭരതശത്രുഘ്നന്മാർ കേട്ടു. ഇതു രാ മായണവിരുദ്ധമാണ്).

21. ഉഗ്രധന്വാ- ഉഗ്രമായ വില്ലോടുകൂടിയവൻ, വൃഗ്രിച്ച്-ദുഃഖിച്ച്, മന്ത്രീശ്വരാൽ=മന്ത്രീശ്വരനിൽനി ന്ന്, സാക്രുദ്ധനായി-കോപിച്ചു.

22. ഏഷ=ഈ, മഹാപാപി-(പാപിയായകൈ കേയി), മദീയം=എന്റെ, താതം=താതനെ, മരപ്പിപ്പ തിന്നും=കൊല്ലുന്നതിന്നും, രാമം=രാമനെ, വന......... വാനം-വനത്തിലയയ്ക്കുന്നതിന്നും, മാംഗല്യസൂത്രം-കെട്ടുതാ ലി, ആളായി-കാരണക്കാരിയായി.

23. വസിഷ്ഠനാജ്ഞ = വസിഷ്ഠമഹർഷിയുടെ ആജ്ഞ, രാമാനുജന്മാ=രാമന്റെ അനുജൻ (ഭരതൻ) രാമാശ്രയത്തിന്ന=രാമനെ ആശ്രയിക്കുന്നതിനായിട്ട്.

24. അമരൻ.........സംഗേ - അമരൻ മരിച്ചു പോയി എന്ന വൃത്താന്തത്തിന്റെ പ്രസ്താവത്തിൽ, സ ച്ചക്ഷു-സത്തുക്കൾക്കു കണ്ണായുള്ളവൻ (ശ്രീരാമൻ) അ ശ്രുപ്രവാഹം-കണ്ണുനീരൊഴുക്ക്, ദിക്ചക്രഖേദം-ദിക്കുകളു ടെ സമൂഹത്തിനു ദുഃഖം, ചച്ചിച്ചു=ചിന്തിച്ചു.

25. നിത്യാനുഭാവൻ-നിത്യമായ അനുഭാവത്തോ ടുകൂടിയവൻ, അനുഭാവം-ബുദ്ധി, മഹാത്മാവ്-മഹാമ

നസ്സൂൻ, പിതൃവ്യം-പിതാവിനെ സംബന്ധിച്ചു്, പരേതസ്യ,കൃത്യം-പരേതകൃത്യം [പിതൃകമ്മം] സത്യപ്രതിജ്ഞൻ-സത്യനിഷ്ഠൻ, കനീയാൻ-അനുജൻ.

26. രാമാനുജൻ=ഭരതൻ, തല്പാദകേ-അദ്ദേഹത്തിൻെറ (ശ്രീരാമൻെറ) മെതിയടികളെ, മൂർദ്ധ്നി-തലയിൽ, വിന്യസ്യ-വിന്യസിച്ചിട്ടു് (വച്ചിട്ടു്) ആശാന്തചേതാഃ - സമാധാനത്തോടു കൂടിയവൻ, രാമാഗമാകാംക്ഷി-രാമൻെറ വരവിനെ കാംക്ഷിക്കുന്നവൻ, നന്ദിഗ്രാമേ-നന്ദിഗ്രാമത്തിൽ (ഒരു സ്ഥലത്തിൻെറ പേർ) രാജ്യം-രാജ്യത്തെ,അകരോതി-ചെയ്തു, (രാജ്യഭരണംചെയ്തു.)

27. സച്ചിൽസ്വരൂപൻ-സത്തായും ചിത്തായും (ജ്ഞാനസ്വരൂപി) ഉള്ളവനേ, ജഗന്നാഥൻ-ലോകനാഥനായുള്ളവനേ, ആദിത്യ - അദിതിപുത്രനായ വിഷ്ണോ [വാമനാവതാരം അദിതിയുടെ പുത്രനായിട്ടായിരുന്നു). വന്ദെ-ഞാൻ വന്ദിക്കുന്നു, ചേവടിത്താർ-പാദപത്മം, മച്ചിത്തരംഗേ - എൻെറ ചിത്തരംഗത്തിൽ (ഹൃദയത്തിൽ).

ആറാം വൃത്തം

1. മിത്രബാന്ധവലോകരൊക്കെയും-മിത്രങ്ങളും ബന്ധുക്കളുമായ എല്ലാവരും, അത്ര-ഇവിടെ, (ചിത്രകൂടത്തിൽ) ദൃഢം-നിശ്ചയം, ഇനി, അത്ര, വാസം, ഭദ്രമല്ല=ഇനി ഇവിടത്തെ വാസം നന്നല്ല, ഭദ്രലക്ഷ്മണസീതയോടു്-ശ്രേഷ്ഠനായ ലക്ഷ്മണനോടും ശ്രേഷ്ഠയായ സീതയോടും കൂടിയ, ഭദ്രൻ-ശ്രേഷ്ഠൻ, ചിത്രതരം-വി

ചിത്രമായ, ആലയം-വാസസ്ഥലം, അതിക്രമിച്ചു നടന്നു-കടന്നു നടന്നു.

2. ധരാവിരോധം-ഭൂവാസികളുടെ സങ്കടം, ഇയററി-ഉണ്ടാക്കിക്കൊണ്ടു്, വൈരിണാം-ശത്രുക്കളുടെ ഖണ്ഡനായ-നാശത്തിനായിട്ടു്, പുണ്ഡരീകവിലോചനൻ-താമരക്കണ്ണൻ. മദനാന്തകാന്തകസന്നിഭൻ-മദനനോടും (കാമദേവൻ) അന്തകാന്തകനോടും (ശിവനോടും) തുല്യൻ, ഇന്ദു.....ണ്ഡിതം=ചന്ദ്രമണ്ഡലത്തിൽ ചെന്നു തട്ടുന്ന വൃക്ഷങ്ങളെക്കൊണ്ടു് അലങ്കരിക്കപ്പെട്ട, ദണ്ഡകാവനം-ദണ്ഡകാനനം, ചണ്ഡഭാനു-സൂൎയ്യൻ, അഭ്രമണ്ഡലം-മേഘമണ്ഡലം, ഇവ-പോലെ, ആപ-പ്രാപിച്ചു. (സൂൎയ്യൻ മേഘത്തിനുള്ളിലെന്നപോലെ തേജസ്വിയായ ശ്രീരാമൻ രാക്ഷസവധത്തിനായി ആകാശം മുട്ടിനില്ക്കുന്ന വൃക്ഷങ്ങളാൽ അലങ്കരിക്കപ്പെട്ട ദണ്ഡകാരണ്യത്തെ പ്രാപിച്ചു)

3. രഘുനായകെ-ശ്രീരാമൻ, പുഷ്പിത.....വനെ--പുഷ്പിതങ്ങളായ ദ്രുമങ്ങളിൽ (വൃക്ഷങ്ങളിൽ) ദത്തമായ (വെയ്ക്കപ്പെട്ട) വിലോചനങ്ങളോടു (കണ്ണോടു) കൂടിയിരിക്കവെ, ദർപ്പശാലി=അഹങ്കാരിയായ, വിരാധൻ എന്ന കോപി-ഒരു നിശാചരൻ, ബാഷ്പസായകദേവതാം-അനംഗകീർത്ത്യാധിദേവതായസീതയെ, അപഹൃത്യ-അപഹരിച്ചിട്ടു്, അംബരം-ആകാശത്തെ, ഉല്പപാത-ഉല്പതിച്ചു (ഉയൎന്നു), തദാ ഏവ-അപ്പോൾതന്നെ, ഉഗ്രരാമശരാഗമേ-ഭയങ്കരങ്ങളായ രാമശരങ്ങളുടെ ആഗമത്തിൽ (വരവിൽ) വിസസർജ്ജ - വിസർജ്ജിച്ചു (വിട്ടു).

ശ്രീരാമൻ പൂത്തുനില്ക്കുന്ന വൃക്ഷസമൂഹങ്ങളെ നോക്കിക്കൊണ്ടിരിക്കവേ, വിരാധൻ സീതയെ എടുത്തുകൊണ്ടു് ആകാശത്തിൽ ഉയൎന്നു. എന്നാൽ അപ്പോൾ

ക്കം രാമശരം ചെന്നു തറയ്ക്കയാൽ അവൻ സീതയെ താഴെ ഇട്ടുകളഞ്ഞു.

4. സോമ............ന്നിഭൻ - ചന്ദ്രസൂര്യന്മാരെ ധരിച്ചിരിക്കുന്ന വിന്ധ്യപർവ്വതത്തോടു തുല്യനായ വിരാധൻ, വീരലക്ഷ്മണരാഘവൌ-വീരരായ രാമലക്ഷ്മണന്മാരെ, നിജതോ............ വിധൌ-തൻെറ തോളത്തെടുത്തു് ഉയന്ന അവസരത്തിൽ, തൽക്കരം-അവൻെറ കയ്യ്, വാളുകൊണ്ടു മുറിച്ചു് അവനെ വാനിലാക്കി-അവനെ സ്വർഗ്ഗത്തിലാക്കി [ചന്ദ്രസൂര്യന്മാരെ ധരിച്ചിരിക്കുന്ന വിന്ധ്യപർവ്വതംപോലെ വിരാധൻ രാമലക്ഷ്മണന്മാരെ എടുത്തുകൊണ്ടുയന്നപ്പോൾ അവർ അവൻെറ കൈകൾ വെട്ടി താഴെയിട്ടു് അവനെ വധിച്ചു].

5. പ്രാണധാരണഗാത്രവാൻ-പ്രാണധാരണം ഒന്നിനായി മാത്രം ശരീരം ധരിക്കുന്നവൻ, മൈഥിലീപ്രാണനാഥസമാഗമേ-ശ്രീരാമൻെറ സമാഗമത്തിൽ,സുഖാവഹം, പരലോകം, ആപ-സുഖകരമായ പരലോകം പ്രാപിച്ചു, ദണ്ഡകവാസിനാം-ദണ്ഡകവനത്തിൽ താമസിക്കുന്ന, യമിനാം-താപസരുടെ, പ്രീണനായ സന്തോഷിപ്പിക്കുന്നതിനുവേണ്ടി, ധനുർബ്ബാണപാണി-വില്ലും അമ്പും കൈയിൽ ഉള്ളവൻ, അഗസ്ത്യവാസം-അഗസ്ത്യാശ്രമം, അവാപ-പ്രാപിച്ചു, (രാമസമാഗമത്തിൽ ശരഭംഗൻ സ്വർഗ്ഗംപൂകി ശ്രീരാമൻ ദണ്ഡകാരണ്യവാസികളായ താപസരെ സന്തോഷിപ്പിക്കുന്നതിനായി വില്ലുമമ്പും ധരിച്ചു് അഗസ്ത്യാശ്രമത്തിൽ എത്തി).

6. രാമലക്ഷ്മണദർശനോത്സവകൗതുകാൽ-രാമലക്ഷ്മണന്മാരുടെ ദർശനമാകുന്ന ഉത്സവത്തിലുള്ള കൗതുകം ഹേതുവായിട്ടു്, .മുനിമണ്ഡലം-മുനിക്കൂട്ടം, കാമസ........കനേ-കാമതുല്യനായ രാമൻെറ· ദർശനത്തിൽ.

7. രക്ഷസാം-രാക്ഷസരുടെ, ദുഷ്കൃതം തു-ദുഷ്കൃതമാകട്ടെ, (ഞാൻ മാത്രമല്ല ലോകരെല്ലാം കഷ്ടപ്പെട്ടു ന്നു എന്നൎത്ഥം.

8. അതീതമായി-കഴിഞ്ഞു.

9. ഹന്ത-കഷ്ടം, രാക്ഷസകുന്തപാതാൽ - രാക്ഷസൻെറ കുന്തംപതിച്ചതുകൊണ്ടു്, മദീയവേദനം - എൻെറ അറിയിപ്പ്, മന്ഥരാഗമി-മന്ഥരയെപ്പോലെ പോകുന്നവൾ, മാമകഗാത്രം-എൻെറ ശരീരം, അന്തരാളസമാഗമേ-ഇടയ്ക്കുവച്ചു്.

10. ദണ്ഡപാണി - കാലൻ, ഇവ - പോലെ, ദണ്ഡ്-വടി, കുമച്ചു-അടിച്ചു ചണ്ഡഭാനു കുലാവതംസ-ചണ്ഡഭാനുകുലത്തിനു് (സൂൎയ്യകുലത്തിനു്) അവതംസമായുള്ളവനേ, അവതംസം-അലങ്കാരം.

11. ഊക്കൻ-ബലവാൻ, ഊക്ക്-സന്ധ്യാകൎമ്മം, വാക്കുകേൾക്കുകിൽ-പേരുകേട്ടാൽ.

12. ഗൎവ്വഹീനം - അഹങ്കാരമില്ലാതെ, അഗ്നി... ....നാൽ - അഗ്നിതുല്യനായ മുനിയുടെ വാക്കുകൊണ്ടു്, ശൎവ്വ............നൽ-ശൎവ്വൻെറ (ശിവൻെറ) ഫാലവിലോചനത്തോടു് (നെററിക്കണ്ണിനോടു്) തുല്യമായ ലോചന (കണ്ണു്) ങ്ങളോടുകൂടിയവൻ, സൎവ്വ........... തിജ്ഞ-എല്ലാ രാക്ഷസവീരന്മാരുടേയും വംശത്തെ നിഗ്രഹിക്കുന്നതാണെന്നുള്ള സത്യം, ഉൎവ്വര-ഭൂമി (രാക്ഷസവംശപ്രതിജ്ഞ ഭൂമിക്കു് അമൃതതുല്യമായിത്തീൎന്നു എന്നു് അൎത്ഥം].

13. അഗസ്ത്യമാമുനിവാക്കിനാൽ - അഗസ്ത്യമഹൎഷിയുടെ വാക്കനുസരിച്ചു്, ശാൎങ്ഗചാപം-വൈഷ്ണവമായ ചാപം (വില്ലു്) ഇഷുധി-ആവനാഴി, മുനി............

ബ്ജുജൻ-മുനികളാൽ മാർഗ്ഗണീയങ്ങളായ (തേടേണ്ട പാദാംബുജങ്ങളോടുകൂടിയവൻ, മുദാ - സന്തോഷത്തോടെ, രാക്ഷസനാശനായ - രാക്ഷസനാശത്തിനായിക്കൊണ്ട്, മാർഗ്ഗമേ നടകൊണ്ടു-വഴിയേ നടന്നു (മുനികളാൽപോലും അന്വേഷിക്കപ്പെടേണ്ട പാദങ്ങളോടുകൂടിയ ശ്രീരാമൻ അഗസ്ത്യന്റെ ഉപദേശമനുസരിച്ച് ശാർങ്ഗം, ആവനാഴി, വാൾ ഇവ വാങ്ങിയിട്ട് അമ്പുകളും എടുത്തു രാക്ഷസനാശത്തിനായി പുറപ്പെട്ടു).

14. തീർത്ഥ............കടേ - തീർത്ഥഭൂതമായ മഹാനദിയുടെ നികടത്തിൽ (സമീപത്തിൽ) ചിരം-വളരെക്കാലം, ചിത്രപഞ്ചവടീവനേ-മനോഹരമായ പഞ്ചവടീവനത്തിൽ വരപർണ്ണസത്മനി-ശ്രേഷ്ഠപർണ്ണശാലയിൽ, തീർത്ഥമാടീ - തീർത്ഥസ്നാനംചെയ്ത്, മനഃപ്രസാദം-മനസ്സന്തോഷം, അരംവരുത്തി-പെട്ടെന്നു വരുത്തി, നിജപ്രിയാം-തന്റെ ഭാര്യയെ, വക്ത്രം-മുഖം, പരിശുദ്ധമായ ജലം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഗോദാവരിയുടെ തീരത്തുനിർമ്മിച്ച വിചിത്രമായ പർണ്ണശാലയിൽ ലക്ഷ്മണൻ കൽപ്പിച്ചമെത്തയിൽ തീർത്ഥസ്നാനവിശുദ്ധനായിട്ടു ശ്രീരാമൻ സീതയോടുകൂടി സുഖിച്ചിരുന്നു).

15. സുരദ്രുമച്ഛായ-പാരിജാതത്തിന്റെ തണൽ, മാമുനിപക്ഷിമണ്ഡലം-മഹർഷിമാരാകുന്ന പക്ഷിക്കൂട്ടം, രാവണാർക്ക........പത്രം-രാവണനാകുന്ന അർക്കന്റെ (സൂര്യൻ) മഹാതപത്തിന് (വെയിൽ) ആതപത്രം (കുട) ഉദാരം........ഫലം-ഉൽകൃഷ്ടവാക്കുകളാകുന്ന മധുരഫലം, ആസ്വാദിച്ച്-രുചിച്ച്.

(സീതയാകുന്ന കല്പവല്ലി പടൎന്നിരിക്കുന്നതും രാവ
ണനാകുന്ന സൂൎയ്യന്റെ കഠിനമായ വെയിലിൽനിന്നു ര
ക്ഷിക്കുന്ന ഒരു കുടപോലെ ഇരിക്കുന്നതുമായ ശ്രീരാമച
ന്ദ്രനാകുന്ന പാരിജാതത്തിന്റെ തണലിൽ മഹർഷിമാ
രാകുന്ന പക്ഷിക്കൂട്ടം അദ്ദേഹത്തിന്റെ ഉൽകൃഷ്ടവാക്ക
കളാകുന്ന മധുരഫലങ്ങളെ ഭുജിച്ചുകൊണ്ടു സുഖമായി
പാൎത്തു. അലങ്കാരം രൂപകം.

16. നീലഘനാഭിരാമ-നീലമേഘംപോലെ മനോ
ഹരമായ ശരീരത്തോടുകൂടിയവനേ, രമാപതേ-ലക്ഷ്മീഭ
ൎത്താവേ!

Printed at the Malankara Syrian Press, Kottayam.

Date Due	Borrower	Date Due	Borrower

DHARMARAM LIBRARY
BANGALORE-560 029

Due Date	Due Date	Due Date
17 SEP 1998		

DC Library
00004174
T61 UN5

T61
U5

രാമായണം

ഇരുപത്തിനാലുവൃത്തം

വ്യാഖ്യാതാ

ശാസ്ത്രി മഹോപാദ്ധ്യായ

കെ. എസ്. എൻ. ഉണ്ണി.

T61
U5

Publishers,

S. BOOK DEPOT, KOTTAYAM.

1936

T61
U5

Indic Digital Archive Foundation

gpura.org